# തജല്ലിയാത്തെ ഇലാഹിയ്യ

(ദൈവീകപ്രതാപത്തിന്റെ ഉജ്ജ്വലപ്രകടനങ്ങൾ)

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

# ദൈവികപ്രതാപത്തിന്റെ ഉജ്ജ്വലപ്രകടനങ്ങൾ

**(തജല്ലിയാത്തെഇലാഹിയ്യ)**

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

**(വാഗ്ദത്ത മസീഹ്)**

# ദൈവികപ്രതാപത്തിന്റെ ഉജ്ജ്വലപ്രകടനങ്ങൾ

## (തജല്ലിയാത്തെഇലാഹിയ്യ)

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

**(വാഗ്ദത്ത മസീഹ്)**

വിവർത്തനം:

**മുഹമ്മദ് നജീബ് ഖാൻ,വാഴക്കാല**

പ്രസാധകർ:

**ലജ്ന ഇമാഇല്ലാഹ് , മലപ്പുറം ജില്ലാ**

**Daivika Pradapathinte Ujvala Prakadanangal**
(Malayalam Translation of Urdu Book Tajalliyathe Ilahiya)

Author :
**Hadhrath Mirza Ghulam Ahmad(A)**

Translated by:
Muhammad Najeeb Khan, Vazhakkala

Layout by:
C.Zameem

Published by :
Lajna Imaillah, Malappuram Zila, Kerala

Copies: 1000

2nd Edition : 2016 March

Printed at: Orange Offset Printers, Calicut

ISBN:



ഹദ്റത്ത് മിർസാ ഗുലാംഅഹ്മദ്(അ)

# ഗ്രന്ഥകർത്താവിനെപ്പറ്റി

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) 1835 ഫെബ്രുവരി 13ന് (1250 ശവ്വാൽ 14) പഞ്ചാബിലെ ഖാദിയാനിൽ ജനിച്ചു. ചെറുപ്പത്തിലേ ഖുർആൻ പഠനത്തിലും മത ചിന്തനത്തിലും ആദ്ധ്യാത്മികജീവിതതപസ്യയിലും നിമഗ്നനായി. ദേഹാന്ത്യം വരെ സ്വജീവിതം അനുസ്യൂതം ഖുർആന്റേയും ഇസ്ലാമിന്റേയും ഹദ്റത്ത് മുഹമ്മദ് നബി(സ) തിരുമേനിയുടേയും പ്രഭാവത്തെ പ്രകാശിപ്പിക്കുന്നതിനും ദൈവമഹത്വത്തെ വെളിപ്പെടുത്തുന്നതിനുമായി വിനിയോഗിച്ചു. ഇസ്ലാം വാസ്തവവിരുദ്ധമായ ആക്ഷേപാക്രമങ്ങൾക്ക് ലക്ഷീഭവിക്കുകയും മുസ്ലിംകളുടെ ലൗകികഭാഗ്യ ഐശ്വര്യാദികൾക്ക് അപചയം സംഭവിക്കുകയും അവരുടെ മതവിശ്വാസം സന്ദേഹ വിതർക്കങ്ങൾക്ക് വിധേയമായി കേവലം ഉപരിപ്ലവം മാത്രമായി അവശേഷിക്കുകയും ചെയ്ത ഘട്ടത്തിൽ അദ്ദേഹം ഇസ്ലാം ധർമ്മത്തിന്റെ ന്യായസമർത്ഥനത്തിലും തത്ത്വവിശദീകരണത്തിനുമായിട്ട് ഉദ്യുക്തനായി. ഇസ്ലാം സജീവമതമാണെന്നും അതിനോടുള്ള പിന്തുടർച്ചയും അനുസരണവും മൂലം മനുഷ്യന് ദൈവസാമീപ്യവും അവനുമായുള്ള സംഭാഷണസൗഭാഗ്യവും കരസ്ഥമാക്കാനാവുമെന്നും സ്ഥാപിച്ചുകൊണ്ട് അദ്ദേഹം നിരവധി ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അമൂല്യസാഹിത്യങ്ങൾ, മാനവരാശിക്ക് ദിവ്യജ്ഞാനത്തിന്റെ അമൃതധാരകൾ അനുസ്യൂതമായി പകർന്നുകൊടുക്കുന്ന വിജ്ഞാനസ്രോതസ്സുകളാണ്. ഖുർആൻ പ്രബോധിക്കുന്ന പാഠങ്ങളും പ്രഖ്യാപിക്കുന്ന നിയമപ്രമാണവും മനുഷ്യനെ ധാർമ്മികമായും ആത്മീയമായും ഉയർത്തിക്കൊണ്ടുപോയി പൂർണ്ണതയിലെത്തിക്കുന്നതിന് പര്യാപ്തമാണെന്ന്, ത്യാഗധനവും മഹത്ത്വപൂർണ്ണവും വിശുദ്ധവുമായ സ്വന്തം ജീവിത മാതൃകയിലൂടെയും ദൈവികമായ സത്യദൃഷ്ടാന്തങ്ങളിലൂടെയും അദ്ദേഹം തെളിയിച്ചു. ഇസ്ലാമിന്റെ നവോത്ഥാനനായകനായും വാഗ്ദത്ത മസീഹായും താൻ നിയോഗിതനായിരിക്കുന്നുവെന്നു അദ്ദേഹം പ്രഖ്യാപിക്കുകയും 1889ൽ ദൈവനിർദ്ദേശപ്രകാരം അഹ്മദിയ്യാ ജമാഅത്ത് രൂപികരിച്ചുകൊണ്ട് സ്വശിഷ്യത്തിലേക്ക് ആളുകളെ ക്ഷണിച്ചുതുടങ്ങുകയും ചെയ്തു. ('ഖിലാഫത്ത്' എന്ന അനുഗൃഹിതനേതൃത്വത്തിന് കീഴിൽ വ്യവസ്ഥാപിതമായി മുന്നേറുന്ന ഈ ജമാഅത്ത് ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രചാരണകേന്ദ്രങ്ങളും പള്ളികളും വിദ്യാലയങ്ങളും ആതുരാലയങ്ങളും സാധുസംരക്ഷണട്രസ്റ്റുകളും ടി.വി.ചാനലുകളും സ്ഥാപിച്ച് ആദ്ധ്യാത്മികവും മനുഷ്യസേവനപരവുമായ പ്രവർത്തനങ്ങളിൽ വ്യാപൃതമായിരിക്കുന്നു) അദ്ദേഹം രചിച്ച എൺപതിലേറെ ഗ്രന്ഥങ്ങളിൽ അധികവും ഉർദു ഭാഷയിലാണ്; ചിലത് അറബിയിലും, പാർസിയിലും. 1908 മെയ് 26ന് (1326 റബീഉൽ ആഖർ 24) അദ്ദേഹം ദിവംഗതനായി.

# പ്രസാധകക്കുറിപ്പ്

ഭയാനകമായ ജീവിത സാഹചര്യങ്ങളിലൂടെയാണ് സമകാലിക മനുഷ്യൻ കടന്നുപോകുന്നത്. അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതിക്ഷോഭങ്ങളും ദുരന്തങ്ങളും അവന്റെ ജീവിതത്തെ കൂടുതൽ കൂടുതൽ ദുരിതമയമാക്കി തീർത്തിരിക്കുന്നു. ഇതിനുമുമ്പ് സംഭവിക്കാത്ത തരത്തിൽ ഭൂകമ്പങ്ങളും പ്രളയങ്ങളും കൊടുങ്കാറ്റുകളും താണ്ഡവനൃത്തം ചവിട്ടുന്ന ഭീകരമായ കാഴ്ചയാണ് ഇന്ന് ലോകത്ത് എവിടേയും കാണപ്പെടുന്നത്. ഇത് മാനവലോകത്തിന് വരുത്തിയിട്ടുള്ള നാശനഷ്ടങ്ങൾക്ക് കെയ്യും കണക്കുമില്ല. ഈയൊരു സന്ദർഭത്തിൽ മാരകവും ദ്രവിപ്പിക്കുന്നതുമായ വിപത്തുകൾ മനുഷ്യനെ നിരന്തരം വേട്ടയാടുന്നതിന്റെ സാംഗത്യത്തെക്കുറിച്ച് ചോദ്യമുയരുക സ്വാഭാവികമാണ്. ഇതിനുള്ള സ്പഷ്ടമായ മറുപടിയാണ് വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) 'തജല്ലിയ്യാത്തെ ഇലാഹിയ്യ' ദൈവികപ്രതാപത്തിന്റെ ഉജ്ജ്വലപ്രകടനങ്ങൾ എന്ന ഈ ചെറുകൃതിയിലൂടെ നൽകിയിരിക്കുന്നത്. അത്കൊണ്ടുതന്നെ ഈ കൃതി ഈ കാലഘട്ടത്തിൽ പ്രസിദ്ധീകരിക്കുന്നത് ഏറെ പ്രസക്തമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. 1906 മാർച്ചിൽ എഴുതി പൂർത്തിയാക്കിയ ഈ ഗ്രന്ഥം പ്രസിദ്ധീകൃതമായത് 1922ൽ രണ്ടാം ഖിലാഫത്ത് കാലഘട്ടത്തിലാണ്. ഉർദുവിൽ എഴുതപ്പെട്ട ഈ ഗ്രന്ഥം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ പ്രബോധകൻ മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബാണ്. ഊർജ്ജസ്വലവും പാരായണക്ഷമതയുള്ള ഭാഷയിൽ അദ്ദേഹമതു നിർവ്വഹിച്ചിട്ടുണ്ട്. അല്ലാഹു ഇഹപരത്തിൽ തക്കതായ പ്രതിഫലം അദ്ദേഹത്തിനു നൽകുമാറാകട്ടെ.

സമകാലികപ്രസക്തി ഏറെയുള്ള ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ സഹകരിച്ച എല്ലാവർക്കും അല്ലാഹു തക്കതായ പ്രതിഫലം നൽകുമാറാകട്ടെ, സഹൃദയ മനസ്സുകൾക്ക് മുന്നിൽ വിനീതമായി ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

\- പ്രസാധകർ

بسم الله الرحمن الرحيم

نحمده و نصلی علی رسوله الکریم

ലോകത്ത് ഒരു താക്കീതുകാരൻ വന്നു, എന്നാൽ, ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. പക്ഷേ, അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യതയെ വെളിപ്പെടുത്തുകയും ചെയ്യുന്നതാണ്.

## അഞ്ചു ഭൂകമ്പങ്ങളെ സംബന്ധിച്ചുള്ള അല്ലാഹുവിന്റെ പ്രവചനം

ആ വാക്കുകൾ ഇപ്രകാരമാകുന്നു.

چمک دکھلاؤں گا تم کو اک نشاں کی پنج بار

**ഈ അടയാളത്തിന്റെ ശക്തിമത്തായ തിളക്കം അഞ്ച് പ്രാവശ്യം നിങ്ങളെ കാണിക്കും!**

ഞാൻ അവനാൽ അയക്കപെട്ടവൻ തന്നെയാണെന്ന് ജനങ്ങൾ മനസ്സിലാക്കാനും, എന്റെ സത്യതയ്ക്ക് സാക്ഷ്യം വഹിക്കുന്നതിനുവേണ്ടിയും അതിഭയാനകമായ അഞ്ചു ഭൂകമ്പങ്ങൾ ഒന്നിനുപിറകെ മറ്റൊന്നായി കുറഞ്ഞ സമയപരിധിക്കുള്ളിൽ സംഭവിക്കുമെന്നാണ് ഈ ദൈവിക വെളിപാടുകൊണ്ട് ഉദ്ദേശിക്കുന്നത്.

അല്ലാഹു പറയുന്നു: അവ എന്റെ സത്യതയ്ക്ക് സാക്ഷ്യം വഹിക്കുന്നതാണ്. അവയിലോരോന്നിലും പ്രകടമാകുന്ന ശക്തമായ തിളക്കം കാണുമ്പോൾ ദൈവത്തെ ഓർത്തുപോകുംവിധം ഹൃദയങ്ങളിൽ അവയുടെ ഭയാനകമായ പ്രഭാവം ഉണ്ടാകുന്നതാണ്. അതിന്റെ കാഴ്ച മനുഷ്യന് ബോധക്ഷയം വരുത്തുന്ന വിധത്തിൽ ശക്തിയിലും, കാഠിന്യത്തിലും, നഷ്ടം വരുത്തിവെക്കുന്നതിലും

അസാധാരണമായിരിക്കും. ഇതെല്ലാം ചെയ്യുന്നത് അല്ലാഹുവിന്റെ അഭിമാനമാണ്. കാരണം കാലം ജനങ്ങൾ തിരിച്ചറിഞ്ഞില്ല. അല്ലാഹു പറയുന്നു, മറഞ്ഞിരുന്ന ഞാനിനി സ്വയം വെളിപ്പെട്ടുകൊണ്ട് എന്റെ തിളക്കത്തെ വെളിപ്പെടുത്തും. മൂസാനബിയേയും അദ്ദേഹത്തിന്റെ സംഘത്തിനേയും ഫിർഔന്റെ കരങ്ങളിൽനിന്ന് മോചിപ്പിച്ചതുപോലെ ഞാൻ എന്റെ ദാസർക്ക് മോചനം നൽകുന്നതാണ്. ഫിർഔന്റെ മുന്നിൽ മൂസാ കാണിച്ചതുപോലെ തന്നെ ഈ അത്ഭുതങ്ങൾ വെളിപ്പെടും. അല്ലാഹു പറയുന്നു, *'ഞാൻ സത്യവാനേയും അസത്യവാനേയും വേർതിരിച്ചുകാണിക്കുകയും, എന്നിൽ നിന്നുള്ളവനെ സഹായിക്കുകയും, അവന്റെ എതിരാളിയുടെ എതിരാളിയായി മാറുകയും ചെയ്യുന്നതാണ്.* [1]

അല്ലയോ ശ്രോതാക്കളേ! അതിനാൽ നിങ്ങളെല്ലാവരും ഓർമ വെച്ചുകൊള്ളുക, ഈ പ്രവചനങ്ങൾ തികച്ചും ഒരു സാധാരണ നിലയിൽ മാത്രം വെളിപ്പെടുകയാണെങ്കിൽ ഞാൻ അല്ലാഹുവിൽ നിന്നുള്ളവനല്ലെന്ന് നിങ്ങൾ മനസ്സിലാക്കിക്കൊള്ളുക. എന്നാൽ, ഈ പ്രവചനങ്ങൾ പുലരുമ്പോൾ അവ ലോകത്ത് ശക്തമായ കോളിളക്കം സൃഷ്ടിക്കുകയും, ഭയപ്പാടിന്റെ കാഠിന്യത്താൽ ജനങ്ങൾ ഭ്രാന്തൻമാരെപോലെയായിത്തീരുകയും, അധികം സ്ഥലങ്ങളിലും ജീവനും, വസ്തുവകകൾക്കും നാശമുണ്ടാക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ഇതെല്ലാം എനിക്ക് കാണിച്ചു തന്ന ആ നാഥനെ നിങ്ങൾ ഭയപ്പെടേണ്ടതാണ്. ഓരോ അണുവും തന്റെ അധീനതയിലുള്ള ആ അല്ലാഹുവിൽനിന്ന് എങ്ങോട്ടാണ് മനുഷ്യന് ഓടിപ്പോകാൻ സാധിക്കുക? അവൻപറയുന്നു, 'ഞാൻ ഒരു മോഷ്ടാവിനെപ്പോലെ വളരെ രഹസ്യമായാണ് വരിക.' അതായത്, ആ സമയത്തെക്കുറിച്ചുള്ള അറിവ്, അവൻ തന്റെ വാഗ്ദത്ത മസീഹിന് നൽകിയിരിക്കുന്ന അറിവല്ലാതെ, അല്ലെങ്കിൽ ഭാവിയിൽ അതിനേക്കാൾ അല്പം വർധിപ്പിക്കുകയല്ലാതെ, ഏതെങ്കിലും ജ്യോത്സ്യനോ, അല്ലെങ്കിൽ ഒരു സാധാരണ മുൽഹിമിനോ, (ദൈവഭാഷിതനോ)

1. അല്പം മയക്കമായ അവസ്ഥയിൽ, تِلْکَ اٰیَاتُ الْکِتَابِ الْمُبِیْنِ ഇത് വിശുദ്ധഖുർആന്റെ സത്യതക്കുള്ള അടയാളമായിരിക്കുമെന്ന് ഒരു കടലാസ്സിൽ എഴുതപ്പെട്ടിരിക്കുന്നതായി അല്ലാഹു എനിക്ക് കാണിച്ചുതന്നു.

അതുമല്ലെങ്കിൽ ഏതെങ്കിലും ഒരു സ്വപ്നദർശകനോ നൽകുകയില്ല. ഈ അടയാളങ്ങൾക്കുശേഷം ലോകത്ത് ഒരു പരിവർത്തനം സംജാതമാകുന്നതാണ്. അധികം ഹൃദയങ്ങൾ അല്ലാഹുവിലേക്ക് അടുക്കുകയും, അനവധി ഭക്തഹൃദയങ്ങളിൽ പ്രപഞ്ചാനുരാഗം തണുത്തുപോവുകയും, അശ്രദ്ധയുടെ തിരശീലകൾ ഇടയിൽനിന്ന് നീക്കപ്പെടുകയും, യഥാർഥ ഇസ്‌ലാമിന്റെ മധുരപാനീയം അവരെ കുടിപ്പിക്കുകയും ചെയ്യുന്നതാണ്. അല്ലാഹു പറയുന്നു.

چودورخسروی آغاز کردند۔ مسلماں را مسلماں باز کردند [2]

ഖുസ്‌റവി (രാജകീയ) കാലഘട്ടം കൊണ്ട് ഉദ്ദേശിക്കുന്നത് ഈ വിനീതന്റെ വാദത്തിന്റെ കാലഘട്ടമാണ്. എന്നാൽ, ഇവിടെ ഉദ്ദേശിക്കുന്നത് ഭൗതിക രാജ്യഭരണമല്ല മറിച്ച്, എനിക്ക് നൽകപ്പെട്ടിരിക്കുന്ന ദൈവിക രാജ്യഭരണമാകുന്നു. ഈ ഇൽഹാമിന്റെ രത്നചുരുക്കം ഇതാണ്: അതായത്, അല്ലാഹുവിന്റെ വിശുദ്ധരായ പ്രവാചകർ പ്രവചനം ചെയ്തിരിക്കുന്നതുപോലെ ഖുസ്‌റവി കാലഘട്ടം അതായത് ദൈവത്തിന്റെയടുത്ത് ആത്മീയ രാജ്യഭരണമെന്ന് പറയുന്ന മസീഹിന്റെ കാലഘട്ടം ആറാമത്തെ സഹസ്രാബ്ദത്തിന്റെ അന്ത്യത്തിൽ ആരംഭിച്ചപ്പോൾ, അതിന്റെ പ്രതിഫലനമായി തികച്ചും നാമമാത്ര മുസ്‌ലീംകളായിരുന്നവർ യഥാർഥ മുസ്‌ലീംകളായിത്തീരാൻ തുടങ്ങി. അങ്ങനെ ഇതുവരെ 4 ലക്ഷത്തി* നടുത്ത് എത്തിക്കാണും. ഏകദേശം 4 ലക്ഷം പേർ അവരുടെ പാപങ്ങളിൽ നിന്നും, ദുഷ്ചെയ്തികളിൽ നിന്നും ശിർക്കിൽനിന്നും എന്റെ കരങ്ങളിൽ തൗബ ചെയ്തുവെന്നത് എന്നെ സംബന്ധിച്ചിടത്തോളം നന്ദി രേഖപ്പെടുത്തേണ്ട അവസരമാകുന്നു. കൂടാതെ ഹിന്ദുക്കളിൽ നിന്നും ക്രിസ്ത്യാനികളിൽനിന്നും ഒരുസംഘം ഇസ്‌ലാംമതം സ്വീകരിക്കുകയുണ്ടായി. ഇന്നലെ ഒരു ഹിന്ദു സഹോദരൻ എന്റെ കൈയിൽ ഇസ്‌ലാം ആശ്ലേഷിക്കുകയും, അദ്ദേഹത്തിന്റെ പേര്

2.അതായത്, നമ്മുടെ രാജകീയകാലഘട്ടം ആരംഭിച്ചപ്പോൾ മുസ്‌ലീംകൾ വീണ്ടും മുസ്‌ലീംകളാക്കപ്പെട്ടു.

* 1906ലെ കണക്കുപ്രകാരം

മുഹമ്മദ് ഇഖ്ബാൽ എന്നു വെക്കുകയും ചെയ്തു. ഈ ദൈവിക വെളിപാട് ഇന്നലെ ഞാൻ പല ആവർത്തി വായിച്ചുകൊണ്ടിരുന്നപ്പോൾ ആദ്യത്തെ വെളിപാടിനുശേഷം ഒരു പ്രാവശ്യം എന്റെ ആത്മാവിൽ ഈ വാചകം ഊതപ്പെട്ടു.

مقام او مبیں از راہ تحقیر۔ بدورانش رسولاں ناز کردند [3]

അപ്രകാരം തന്നെ, ഇനിഎഴുതാൻപോകുന്ന ദൈവികവെളിപാടിൽ, എന്റെ കരങ്ങളിലൂടെ ഇസ്‌ലാംമതത്തെ അല്ലാഹു പ്രചരിപ്പിക്കുമെന്ന സന്തോഷവാർത്തയും നൽകിയിട്ടുണ്ട്. അവൻ പറഞ്ഞു,

يَا قَمَرُ يَا شَمْسُ اَنْتَ مِنِّي وَ اَنَا مِنكَ [4]

ഈ ഇൽഹാമിൽ, അല്ലാഹു ആദ്യമായി തന്റെ പേര് സൂര്യനെന്നു വച്ചുകൊണ്ട് എന്നെ ചന്ദ്രനെന്ന് സംബോധന ചെയ്തിരിക്കുന്നു. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്, എപ്രകാരം ചന്ദ്രൻ പ്രകാശത്തിലൂടെ സൂര്യനിൽനിന്ന് അനുഗ്രഹവും പ്രയോജനവുമെടുക്കുന്നുവോ അപ്രകാരം എന്റെ പ്രകാശവും അല്ലാഹുവിൽനിന്ന് അനുഗ്രഹവും, പ്രയോജനവുമെടുക്കുന്നു. പിന്നെ രണ്ടാമതായി അല്ലാഹു സ്വന്തം പേര് ചന്ദ്രനെന്നുവച്ചു കൊണ്ട് എന്നെ സൂര്യനെന്ന് വിളിച്ചിരിക്കുന്നു. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്, അവൻ എന്നിലൂടെ തന്റെ ക്രോധം വെളിപ്പെടുത്തുമെന്നാണ്. അവൻ ഗോപ്യനായിരുന്നു. ഇനി എന്റെ കരങ്ങളിലൂടെ വെളിപ്പെടുന്നതാണ്. ലോകം അവന്റെ ശക്തി പ്രഭാവതിളക്കത്തെ സംബന്ധിച്ച് അജ്ഞതയിലായിരുന്നു. എന്നാൽ, ഇനി അവന്റെ ക്രോധത്തിന്റെ തിളക്കം ലോകത്തിന്റെ ഓരോ കോണിലും ഞാൻ മുഖേന പ്രകടമാകും. നിങ്ങൾ ഇടിമിന്നലിനെ നോക്കുക, അത് ഒരുഭാഗത്തുനിന്ന് പ്രകാശിച്ച് ആകാശത്തിലെ സർവ്വമണ്ഡലങ്ങളേയും ക്ഷണത്തിൽ പ്രകാശമയമാക്കുന്നതുപോലെ ഈ കാലഘട്ടത്തിലും സംഭവിക്കും. അല്ലാഹു

3. അദ്ദേഹത്തിന്റെ പദവിയെ നിന്ദ്യതയോടെ വീക്ഷിക്കരുത്. കാരണം പ്രവാചകന്മാർ അദ്ദേഹത്തിന്റെ കാലത്തെ സംബന്ധിച്ച് അഭിമാനം കൊണ്ടിട്ടുണ്ട്.

4. അല്ലയോ ചന്ദ്രാ, അല്ലയോ സൂര്യാ! നീ എന്നിൽ നിന്നുള്ളവനും ഞാൻ നിന്നിൽ നിന്നുള്ളവനുമാകുന്നു.

എന്നെ സംബോധന ചെയ്തുകൊണ്ട് പറയുന്നു: 'ഞാൻ നിനക്കു വേണ്ടി ഭൂമിയിൽ ഇറങ്ങി. നിനക്കുവേണ്ടി എന്റെ നാമം വെട്ടിത്തിളങ്ങി. ഞാൻ നിന്നെ മുഴുലോകത്തിൽ നിന്നും തിരഞ്ഞെടുത്തിരിക്കുന്നു.'

قَالَ رَبُّكَ اِنَّهٗ نَازِلٌ مِّنَ السَّمَآءِ مَا يُرْضِيْكَ [5]

അവയിൽ, അല്ലാഹുവിൽനിന്നുള്ള വെളിപാടനുസരിച്ച് ഞാൻ നേരത്തെ അറിവ് നൽകിയ പ്ലേഗും ശക്തമായ രണ്ട് ഭൂകമ്പങ്ങളും ഈ രാജ്യത്ത് സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. എന്നാൽ, ഇപ്പോൾ അല്ലാഹു പറയുന്നു, ഇനി അഞ്ച് ഭൂകമ്പങ്ങൾ കൂടി ഉണ്ടാകുന്നതാണ്. അവയുടെ അസാധാരണമായ ശക്തിപ്രഭാവം ലോകം കാണുകയും, ഈ ദൈവിക അടയാളങ്ങളെല്ലാം തന്റെ ദാസനായ മസീഹ് മൗഊദിന് വേണ്ടിവെളിപ്പെട്ടവയാണെന്ന് അവർക്ക് ബോധ്യംവരുത്തുകയും ചെയ്യുന്നു. എന്നാൽ, കഷ്ടമെന്നുപറയട്ടെ, ജാലവിദ്യക്കാർ മൂസാനബിയോട് മത്സരിച്ചതുപോലെ, ഈകാലഘട്ടത്തിലെ ജോത്സ്യർ ഈ പ്രവചനങ്ങളെ സംബന്ധിച്ച് എന്നോട് മത്സരിച്ചു കൊണ്ടിരിക്കുകയാണ്. അന്ധകാരഗർത്തങ്ങളിൽ അകപ്പെട്ടു കിടക്കുന്ന ചില അജ്ഞരായ മുൽഹമീംകൾ ബൽഅമിനെപ്പോലെ എന്നോട് മത്സരിക്കുന്നതിനുവേണ്ടി സത്യത്തെ ത്യജിക്കുകയും മാർഗഭ്രംശകരെ സഹായിക്കുകയും ചെയ്യുന്നു.

എന്നാൽ, അല്ലാഹു പറയുന്നു, **ഈ ബഹുമതി ഒരിക്കലും മറ്റൊരാൾക്ക് നൽകാതെ സർവ്വരേയും ഞാൻ നാണംകെടുത്തുന്നതാണ്.**

പക്ഷേ, ഇവർക്കെല്ലാം തങ്ങളുടെ നക്ഷത്രങ്ങളെക്കൊണ്ടും, ഇൽഹാമിനെക്കൊണ്ടും എന്നോട് മത്സരിക്കാനുള്ള അവസരമാണിത്. ഇനി ആരെങ്കിലും മത്സരത്തിൽനിന്ന് ഒഴിഞ്ഞുമാറുകയാണെങ്കിൽ അവർ പരാജിതരായി ഗണിക്കപ്പെടുന്നതാണ്.

അല്ലാഹു പറയുന്നു,

5. 'നിന്റെ നാഥൻ പറയുന്നു, നീ തൃപ്തനാകുംവിധം അതിശക്തമായ അത്ഭുതങ്ങൾ ആകാശത്തിൽനിന്ന് ഇറങ്ങുന്നതാണ്.'

**'അവരെയെല്ലാം പരാജയപ്പെടുത്തുകയും നിന്റെ ശത്രുവിന്റെ ശത്രുവായി ഞാൻ മാറുകയും ചെയ്യും.'**

അവൻ പറയുന്നു, **'ഞാൻ നിന്നെ മാത്രമാണ് എന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നതിനായി തിരഞ്ഞെടുത്തിരിക്കുന്നത്. ആകാശഭൂമികൾ എന്റെ കൂടെയുള്ളതുപോലെ നിന്നോടൊപ്പവുമുണ്ട്. നീ എന്റെ സിംഹാസനത്തെ (അർശിനെ)പ്പോലെയാകുന്നു.'**

ദൈവത്തിന്റെ വരിഷ്ഠപ്രവാചകന്മാരെ അന്യരിൽനിന്ന് ഇപ്രകാരം വ്യതിരിക്തമാക്കുന്ന ഒരുവചനം വിശുദ്ധഖുർആനിലുമുണ്ട്. അതിപ്രകാരമാകുന്നു.

لَا يُظْهِرُ عَلٰى غَيْبِهٖٓ اَحَدًا۝٢٧ اِلَّا مَنِ ارْتَضٰى مِنْ رَّسُوْلٍ [6]

അന്യർക്ക് അതിൽ ഒരു ഭാഗധേയവും ഉണ്ടാവുകയില്ല. അതിനാൽ എന്റെ ജമാഅത്തിന് അശ്രദ്ധമൂലം നഷ്ടം സംഭവിക്കാതിരിക്കേണ്ടതാണ്., എനിക്ക് ബയ്അത്ത് ചെയ്തവരുടെ ഗണത്തിൽ പെടാത്തവരും, എന്നോട് മത്സരിക്കാൻ ഒരുമ്പെട്ടിരിക്കുന്നവരുമായ ഇവർ എന്തെങ്കിലുമൊക്കെയാണെന്ന് നിങ്ങൾ ധരിച്ചു പോകരുത്. അല്ലാത്തപക്ഷം അല്ലാഹുവിന്റെ കോപത്തിനു പാത്രമായിത്തീരുന്നതാണ്. അല്ലാഹുവിനും അവന്റെ ദൂതനും മാത്രം നൽകേണ്ട മാന്യതയും ബഹുമതിയും, അവർ മറ്റുള്ളവർക്ക് നൽകുന്നുണ്ടോ എന്നും അവർക്കു നൽകപ്പെട്ട സത്യത്തിൽ അവർ നില കൊള്ളുന്നുണ്ടോ എന്നും, വീക്ഷിക്കുന്നതിനുവേണ്ടിയുമാണ് അനാവശ്യങ്ങൾ പുലമ്പിക്കൊണ്ട് പ്രവചനങ്ങൾ നടത്തുന്ന ഇത്തരം ആളുകൾ മുഖേന അല്ലാഹു സത്യവിശ്വാസികളെ പരീക്ഷിക്കുന്നത്.

ഈ അഞ്ചു ഭൂകമ്പങ്ങൾ ഉണ്ടായിക്കഴിയുകയും അല്ലാഹു ഉദ്ദേശിച്ചത്ര നാശനഷ്ടങ്ങൾ പൂർത്തിയാവുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ കാരുണ്യം വർഷിക്കുന്നതും, പിന്നെ ഒരുകാലഘട്ടം വരെ അസാധാരണവും, അതിഭയാനകവുമായ ഭൂകമ്പങ്ങൾക്ക് അന്ത്യം കുറിക്കപ്പെടുന്നതുമാകുന്നു. പ്ലേഗും രാജ്യത്തുനിന്ന് അകറ്റപ്പെട്ടുകൊണ്ടിരിക്കും.

6. അതായത്, വരിഷ്ഠപ്രവാചകന്മാർക്കുമാത്രമേ അതീവ രഹസ്യജ്ഞാനങ്ങൾ നൽകപ്പെടുകയുള്ളു.(72:27-28)

يَأْتِيْ عَلٰى جَهَنَّمَ زَمَانٌ لَّيْسَ فِيْهَآ اَحَدٌ

എന്ന് അല്ലാഹു എന്നെ സംബോധനചെയ്തു പറഞ്ഞതുപോലെ, അതായത് **പ്ലേഗും ഭൂകമ്പങ്ങളുമാകുന്ന ഈ നരകത്തിൽ ഒരു മനുഷ്യനും ഉണ്ടാകാത്ത ഒരു കാലഘട്ടം വരും.** നൂഹിന്റെ കാലത്ത് സൃഷ്ടികളിൽ അധികവും മരിച്ചതിനുശേഷം ശാന്തിയുടെ കാലഘട്ടം നൽകപ്പെട്ടതുപോലെ, ഈ രാജ്യത്തും അങ്ങനെതന്നെ സംഭവിക്കും. ഈ ഇൽഹാമിനുശേഷം അല്ലാഹു പറയുന്നു.

ثُمَّ يُغَاثُ النَّاسُ وَ هُمْ يَعْصِرُوْنَ

അതിനുശേഷം ജനങ്ങളുടെ പ്രാർഥനകൾ കേൾക്കപ്പെടും. യഥാസമയത്ത് മഴ വർഷിക്കാൻ തുടങ്ങും. തോട്ടങ്ങളും, കൃഷിയിടങ്ങളും അധികമായിഫലം തരും. സന്തോഷത്തിന്റെകാലം വരും. അല്ലാഹു ദയാലുവല്ല മറിച്ച് ക്രൂരൻ മാത്രമാണെന്ന് ജനങ്ങൾ ധരിക്കാതിരിക്കാനും, അതുമൂലം തന്റെ മസീഹിനെ ഒരു ദുർഭഗനായി ചിത്രീകരിക്കാതിരിക്കാനും വേണ്ടിയാണ് അസാധാരണമായ ആപത്തുകൾ നീക്കപ്പെടുന്നത്.[7]

വാഗ്ദത്ത മസീഹ് അഥവാ മസീഹ് മൗഊദിന്റെ കാലത്ത് മരണങ്ങളുടെ ആധിക്യം അനിവാര്യമായിരുന്നുവെന്നും ഭൂകമ്പങ്ങളുടേയും പ്ലേഗിന്റേയും വരവ് നിശ്ചയിക്കപ്പെട്ട കാര്യമായിരുന്നുവെന്നതും ഓർമവെച്ചു കൊള്ളുക. മസീഹ് മൗഊദിന്റെ ശ്വാസോഛ്വാസംകൊണ്ട് ജനങ്ങൾ മരിക്കുമെന്നും, മസീഹിന്റെ ദൃഷ്ടി

---

7. മസീഹ്മൗഊദിനെക്കുറിച്ച് ആരംഭം മുതൽക്കെ ധരിച്ചുവച്ചിരിക്കുന്നത് അദ്ദേഹം ക്രൂരസ്വഭാവത്തോടുകൂടി പ്രകടമാകുമെന്നാണ്. അതായത് അദ്ദേഹത്തിന്റെ ദൃഷ്ടി പതിക്കുന്നിടത്ത് അദ്ദേഹത്തിന്റെ ശ്വാസോഛ്വാസം കൊണ്ട് ജനങ്ങൾ മരിക്കുന്നതാണ്. അതായത്, ആ കാലം വാളെടുത്ത് യുദ്ധം(ജിഹാദ്) ചെയ്യേണ്ട കാലമല്ല. മസീഹ് മൗഊദിന്റെ ആത്മീയശ്രദ്ധ വാളിന്റെ ശക്തികാണിക്കുമെന്നാണ്. ശിക്ഷാപരമായ അടയാളങ്ങൾ ആകാശത്തുനിന്ന് ഇറങ്ങുന്നതാണ്; പ്ലേഗ്, ഭൂകമ്പം മുതലായ ആപത്തുകൾ പോലെ. തദനന്തരം ദൈവത്തിന്റെ മസീഹ് മനുഷ്യകുലത്തെ ദയാകടാക്ഷത്തോടെ വീക്ഷിക്കുമ്പോൾ, ആകാശത്തുനിന്ന് കരുണയുടെ അടയാളങ്ങൾ പ്രകടമാകും. ആയുസ്സിൽ അനുഗ്രഹം ചൊരിയപ്പെടും. ഭൂമിയിൽനിന്ന് ഭക്ഷണസാധനങ്ങൾ അധികമായി ഉത്പാദിപ്പിക്കും.

എത്തുംവരെ അദ്ദേഹത്തിന്റെ വധാത്മക ശ്വാസത്തിന്റെ പ്രഭാവവുമുണ്ടാകുമെന്നുള്ള ഹദീഥിന്റെ വിവക്ഷ ഇതാണ്. അല്ലാതെ, ഈ ഹദീഥിൽ മസീഹ് മൗഊദിനെ ഒറ്റ നോട്ടത്തിൽതന്നെ എല്ലാവരുടെയും കരൾ പറിച്ചെടുക്കുന്ന ഒരുരാക്ഷസനായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കരുത്. പ്രസ്തുത ഹദീഥ് നമുക്ക് മനസ്സിലാക്കിത്തരുന്നത് ഇതാണ്. അദ്ദേഹത്തിന്റെ പരിശുദ്ധമായ ശ്വാസങ്ങൾ അതായത് വചനങ്ങൾ ലോകത്ത് പ്രസിദ്ധീകൃതമാകുന്നിടത്തോളം ജനങ്ങൾ അതിനെ നിഷേധിക്കുകയും അസത്യപ്പെടുത്തുകയും ശകാരവചനങ്ങൾ ചൊരിയുകയും ചെയ്യുന്നതു കൊണ്ട് ആ നിഷേധം ശിക്ഷക്ക് കാരണമായിത്തീരുന്നതാണ്.[8] ഈ ഹദീഥ് പറഞ്ഞുതരുന്നത്, മസീഹ് മൗഊദിനെ ശക്തമായി നിഷേധിക്കുന്ന കാരണത്താൽ രാജ്യത്ത് മഹാമാരി പടർന്നു പിടിക്കുകയും അതിശക്തമായ ഭൂകമ്പങ്ങൾ ഉണ്ടാകുകയും അശാന്തി പരക്കുകയും ചെയ്യുമെന്നാണ്. അല്ലാതെ സദ്വൃത്തരും സജ്ജനങ്ങളുമായവരുടെമേൽ അനാവശ്യമായി വിവിധ തരത്തിലുള്ള ശിക്ഷയുടെ ഖിയാമത്ത് ഇറങ്ങുക എന്നത് ബുദ്ധിക്ക് നിരക്കാത്ത കാര്യമാകുന്നു. ഇക്കാരണം കൊണ്ടു തന്നെയാണ്, പൂർവ്വകാലഘട്ടത്തിലെ പാമരജനങ്ങൾ എല്ലാ പ്രവാചകരേയും അശുഭസൂചകമായി കരുതിയതും അവരുടെ ദുഷ്കർമങ്ങളുടെ ഫലം പ്രവാചകൻമാരുടെ മേൽ കെട്ടി വെക്കുകയും ചെയ്തത്. എന്നാൽ, യഥാർഥത്തിൽ പ്രവാചകൻമാർ ശിക്ഷ കൊണ്ടുവരുന്നില്ല. മറിച്ച് ശിക്ഷയ്ക്ക്

8. ഈ ഹദീഥിൽനിന്ന് മസീഹിന്റെ കാലത്ത് ജിഹാദ് റദ്ദാക്കപ്പെടുമെന്ന് വ്യക്തമാകുന്നുണ്ട്. സഹീഹുബുഖാരിയിലും മസീഹിന്റെ ഗുണഗണങ്ങൾ എഴുതിയിരിക്കുന്നതുപോലെ, അതായത് **യളഉൽഹർബു** വാഗ്ദത്തമസീഹ് പ്രത്യക്ഷപ്പെടുമ്പോൾ ധർമയുദ്ധങ്ങൾക്ക് വിരാമം കുറിക്കും. ഇതിലുള്ള തത്ത്വം ഇതാണ്: മസീഹിന്റെ ആത്മീയശക്തിയാൽ ശിക്ഷാപരമായ അടയാളങ്ങൾ പ്രകടമാകുമ്പോൾ ലക്ഷക്കണക്കിന് മനുഷ്യർ പ്ലേഗ് കൊണ്ടും, ഭൂകമ്പങ്ങൾകൊണ്ടും മരിക്കും. അപ്പോൾ വാളുകൊണ്ട് ആരേയും വധിക്കേണ്ട ആവശ്യം നേരിടുന്നില്ല. രണ്ടു തരത്തിലുള്ള അതികഠിനമായ ശിക്ഷ ഒരേസമയത്ത് എതെങ്കിലും സമൂഹത്തിനുമേൽ ഇറക്കുന്നതിനേക്കാൾ കരുണാമയനാണ് അല്ലാഹു. അതായത് ഒന്ന്, ക്രൂരതാപരമായ അടയാളങ്ങളുടെ ശിക്ഷ. രണ്ട്, മനുഷ്യർമുഖേന വാളുകൊണ്ടുള്ള ശിക്ഷ. ഈ രണ്ടു രീതിയിലുള്ള ശിക്ഷ ഒരേ സമയത്ത് ഒരുമിച്ചു ചേരുകയില്ലെന്ന് വിശുദ്ധഖുർആനിൽ അല്ലാഹു വ്യക്തമാക്കുന്നുണ്ട്.

അർഹരായി തീരാൻവേണ്ട ഹുജ്ജത്ത്(ന്യായപൂർത്തി) പൂർത്തിയാക്കുന്നതിനുവേണ്ടി പ്രവാചകനെ കൊണ്ടുവരികയും അതിനെ നിലനിറുത്തുന്നതിനു വേണ്ട ആവശ്യകത സംജാതമാക്കുകയും ചെയ്യുന്നു. അതായത് കഠിനമായ ശിക്ഷ പ്രവാചകൻ വരാതെ ഇറങ്ങാറില്ല

وَمَا كُنَّا مُعَذِّبِيْنَ حَتّٰى نَبْعَثَ رَسُوْلًا [9]

അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞതുപോലെ; ഒരുഭാഗത്ത് പ്ലേഗ് രാജ്യത്തെ വിഴുങ്ങിക്കൊണ്ടിരിക്കുകയും മറുഭാഗത്ത് ഭയാനകമായ ഭൂകമ്പങ്ങൾ വിട്ടുപിരിയാതിരിക്കുകയും ചെയ്യുന്നതെന്തുകൊണ്ടാണ്. അല്ലയോ അശ്രദ്ധയിൽ കഴിയുന്നവരേ! നിങ്ങൾ അസത്യപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും പ്രവാചകൻ അല്ലാഹുവിൽനിന്ന് ഒരുപക്ഷേ നിങ്ങളിൽ വന്നിട്ടുണ്ടോ എന്ന് നിങ്ങൾ അന്വേഷിക്കുക.[10] ഇപ്പോൾ ഹിജ്റ 14ാം നൂറ്റാണ്ടിന്റെ 24-ാമത് വർഷമാകുന്നു. എല്ലാ വർഷവും നിങ്ങളുടെ മിത്രങ്ങളെ നിങ്ങളിൽ നിന്ന് അകറ്റിക്കളയുന്ന, നിങ്ങളുടെ പ്രിയരെ നിങ്ങളിൽ നിന്ന് വേർപ്പെടുത്തിക്കൊണ്ട് ഹൃദയങ്ങളിൽ വേർപാടിന്റെ മുറിവുകളുണ്ടാക്കുന്ന ഇത്തരം കഷ്ടപാടുകൾ ഒരു ദൈവനിയുക്തനും വരാതെ നിങ്ങളിലെന്തുകൊണ്ടു സംഭവിക്കുന്നു? അപ്പോൾ ഇതിൽ എന്തോ ചിലകാര്യങ്ങളുണ്ട്. നിങ്ങൾ എന്തുകൊണ്ട് അന്വേഷിക്കുന്നില്ല? മുകളിൽ രേഖപ്പെടുത്തിയ വചനത്തെക്കുറിച്ച് എന്തുകൊണ്ട് നിങ്ങൾ ചിന്തിക്കുന്നില്ല.? അല്ലാഹുപറയുന്നു:

---

9. ഒരു ദൂതനെ അയക്കുന്നതുവരെ നാം ശിക്ഷിക്കാറില്ല. (17:16)

10. ഇക്കാലത്ത് നബിയെന്നവാക്കുകൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത് ഏതെങ്കിലും വ്യക്തി പരിപൂർണമായി ദൈവികഭാഷണവും, സംബോധനയും കരസ്ഥമാക്കുകയും ദീനിന്റെ പരിഷ്കരണത്തിനുവേണ്ടി നിയമിതനാവുകയും ചെയ്യുക എന്നതാണ്. അല്ലാതെ പുതിയൊരു ശരീഅത്ത് (ന്യായപ്രമാണം) കൊണ്ടുവരികയെന്നല്ല. കാരണം ശരീഅത്ത് തിരുനബി (സ)യിൽ അവസാനം കുറിച്ചിരിക്കുന്നു. തിരുനബി(സ) യ്ക്കു ശേഷം ഉമ്മത്തിയല്ലാത്ത ആരേയും സംബന്ധിച്ച് നബിയെന്ന വാക്ക് ഉപയോഗിക്കുന്നത് അനുവദനീയമല്ല. ഇതിന്നർഥം, എല്ലാ അനുഗ്രഹങ്ങളും അദ്ദേഹം തിരുനബി (സ)യെ അനുധാവനം ചെയ്തതിൽ നിന്ന് കരസ്ഥമാക്കി എന്നാണ്. നേരിട്ട് കരസ്ഥമാക്കിയതല്ല.

وَمَا كُنَّا مُعَذِّبِيْنَ حَتّٰى نَبْعَثَ رَسُوْلًا

**അതായത്, നാം ഒരു പ്രദേശവാസികളുടെ മേൽ, അടയാളപൂർത്തീകരണത്തിനുവേണ്ടി ഒരു പ്രവാചകനെ അയക്കാതെ അസാധാരണമായ ശിക്ഷകൾ ഇറക്കാറില്ല.** കുറച്ചുവർഷങ്ങളായി നിങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്നത് അസാധാരണ ശിക്ഷയല്ലേയെന്ന് നിങ്ങളൊന്ന് സ്വയം ചിന്തിച്ചു നോക്കുക. ആയിരം വർഷത്തോളമായി ഈ രാജ്യത്ത് ഒരു ഉദാഹരണംപോലും എടുത്തുകാണിക്കാൻ കഴിയാത്തതും, നിങ്ങളുടെ പിതാമഹന്മാർ പോലും പേരു കേൾക്കാത്തതുമായ ആപത്തുകളാണ് നിങ്ങൾ കണ്ടു കൊണ്ടിരിക്കുന്നത്. നിങ്ങൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ പ്ലേഗും ഈ ഭൂകമ്പങ്ങളും ഞാൻ കശ്ഫ് അഥവാ ജാഗ്രദർശനത്തിലൂടെ 25 വർഷമായി കണ്ടുകൊണ്ടിരിക്കുകയാണ്. ഈ അറിവുകളെല്ലാം അല്ലാഹു ആദ്യമേതന്നെ എന്നെ അറിയിച്ചതല്ലെങ്കിൽ ഞാൻ ഒരു വ്യാജവാദിയാകുന്നു. എന്നാൽ, ഈ അറിവുകൾ എല്ലാം 25 വർഷമായി എന്റെ ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടുകിടക്കുന്നതും, അവയുടെ പൂർത്തികരണത്തിനുമുമ്പേ ഞാൻ നിരന്തരം അറിയിച്ചു കൊണ്ടിരിന്നിട്ടുള്ളതുമാകുന്നു.[11] അതിനാൽ അല്ലാഹുവിന്റെ ആക്ഷേപത്തിന് പാത്രമാകാതിരിക്കാൻ നിങ്ങൾ അവനെ ഭയപ്പെടേണ്ടതാകുന്നു. 1905 ഏപ്രിൽ 4ലെ ഭൂകമ്പത്തെ സംബന്ധിച്ച പ്രവചനം ഒരു വർഷം മുമ്പേ ഞാൻ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നുവെന്നകാര്യം നിങ്ങൾക്ക് അറിവുള്ളതല്ലേ? അതിൽ ശക്തമായ ഭൂകമ്പം "زلزلہ کا دھکّا" എന്ന വാക്ക് മാത്രമല്ല

عَفَتِ الدِّيَارُ مَحَلُّهَا وَ مُقَامُهَا

അതായത് പഞ്ചാബ് പ്രദേശത്തിന്റെ ചിലഭാഗങ്ങളിലെ കെട്ടിടങ്ങൾ നിശ്ശേഷം നശിച്ചൊടുങ്ങുമെന്നുള്ള ദൈവിക വെളിപാടും ഉണ്ടായിരുന്നു. ആ പ്രവചനം എത്ര വ്യക്തമായ നിലയിലാണ് പൂർത്തിയായിരിക്കുന്നതെന്ന വസ്തുത ഇപ്പോൾ എനിക്ക് എഴുതേണ്ട ആവശ്യമില്ല. ഇതിനുശേഷം അതേ ഏപ്രിൽ മാസത്തിൽ

11. ബറാഹീനെ അഹ്മദിയ്യയിൽ 25 വർഷം മുമ്പേ അതികഠിനമായ ഈ ഭൂകമ്പങ്ങളെപറ്റിയുള്ള അറിവുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തന്നെ അല്ലാഹുവിന്റെ വെളിപാടുമുഖേന മറ്റൊരു പ്രവചനം ഞാൻ പ്രസിദ്ധപ്പെടുത്തിയിരുന്നു; അതായത് 1905 ഏപ്രിൽ 4ന് വസന്തകാലത്ത് സംഭവിച്ചതുപോലുള്ള മറ്റൊരുഭൂകമ്പം വസന്ത കാലത്തുതന്നെ സംഭവിക്കുന്നതായിരിക്കുമെന്ന്. അതിനുമുമ്പേ അത് സംഭവിക്കുകയില്ല. അതായത് 1906 ഫെബ്രുവരി 25 വരെ ആ ഭൂകമ്പം ഒരിക്കലും ഉണ്ടാവുകയില്ല. അങ്ങനെ 11 മാസംവരെ ഒരു ഭൂകമ്പവും ഉണ്ടായില്ല. 1906 ഫെബ്രുവരി 25-ാം തീയതി കഴി ഞ്ഞപ്പോൾ 1906 ഫെബ്രുവരി 27-ാം തീയതി രാത്രി ഒരു മണിക്ക്, വസന്തകാലത്തിന്റെ കൃത്യം മധ്യത്തിൽത്തന്നെ അതിശക്തമായ ഭൂകമ്പം സംഭവിക്കുകയുണ്ടായി. ഇത് 1905 എപ്രിൽ 4-നുണ്ടായ ഭൂകമ്പത്തിന് തുല്ല്യമായിരുന്നുവെന്ന് സിവിൽ പോലുള്ള ഇംഗ്ലീ ഷ് ദിനപത്രങ്ങൾക്കു സമ്മതിക്കേണ്ടിവന്നു. രാംപൂർ പട്ടണത്തിലും ശിംല പ്രദേശങ്ങളിലും മറ്റു ഒട്ടനവധി സ്ഥലങ്ങളിലും ജന്തുജീവി കൾക്കും കെട്ടിടങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിച്ചു. 11 മാസം മുമ്പേ അല്ലാഹു വെളി പാടുമുഖേന അറിവ് തന്ന ഭൂകമ്പം തന്നെ യായിരുന്നു അത്. അതായത്,

پھر بہار آئی خدا کی بات پھر پوری ہوئی [12]

ആയതിനാൽ ഇതനുസരിച്ച് വസന്തകാലത്തുതന്നെ ഈ ഭൂകമ്പം വന്നു. അല്ലാഹുവിനല്ലാതെ മറ്റാർക്കാണ് ഇത്രയും സ്പഷ്ടമായ രീതിയിൽ ഇപ്രകാരം പ്രവചനം ചെയ്യാൻ സാധിക്കുകയെന്ന് ഇ പ്പോൾ ഒന്ന് ചിന്തിച്ചു നോക്കുക. പതിനൊന്നു മാസംവരെ ഭൂമി യെ ഞാൻ താങ്ങിനിറുത്തി. 1906 ഫെബ്രുവരി 25 നുശേഷം ശക്ത

12. വീണ്ടും വസന്തം വന്നു. അല്ലാഹുവിന്റെ വചനം വീണ്ടും പൂർത്തിയായി.
കഷ്ടമെന്ന് പറയട്ടെ, ശത്രുതാമനോഭാവം വെച്ചുപുലർത്തുന്ന ചില മൗലവിമാർ ദുഃശാഠ്യത്താൽ വ്യക്തമായ ഈ പ്രവചനത്തിന്റെമേൽ പൊടിയിടാൻ ആഗ്രഹിക്കു കയാണ്. അവർ ജനങ്ങളെ വഞ്ചിക്കാൻ വേണ്ടി ഇങ്ങനെ പറയുന്നു: അതായത് ഭാവിയിലെ ഭൂകമ്പത്തെപറ്റി അത് ഖിയാത്തുന്നാളിന്റെ പ്രതീകമായിരിക്കുമെന്ന് എഴു തിയിരുന്നു. എന്നാൽ, ഈ ഭൂകമ്പം ഖിയാമത്തുന്നാളിന്റെ പ്രതീകമല്ല. ഇതിന് കള്ളം പറയുന്നവരുടെമേൽ അല്ലാഹുവിന്റെ ശാപം ഉണ്ടാകട്ടെ എന്ന ഒറ്റ മറുപടി മാത്രമേ യുള്ളു. അധികം ഭൂകമ്പങ്ങൾ സംഭവിക്കുമെന്ന പ്രവചനം അടിക്കടി എന്റെ ലഘുലേ ഖകളിലും, പ്രസിദ്ധീകരണങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒന്ന് ഖിയാമത്തിന്റെ മാതൃകയായിരിക്കും അതായത് അതിൽ അധികം ജീവനും നഷ്ടപ്പെടും. എന്നാൽ, 1905 ഏപ്രിൽ 4 ലെ ഭൂകമ്പം വസന്തകാലത്ത് സംഭവിച്ചതുപോലെ മറ്റൊരുഭൂകമ്പം

മായ പ്രകമ്പനത്തിലൂടെ അതിനെ ഇളക്കിമറിക്കാൻ എന്റെ കരങ്ങളിൽ ഭൂമിയുടെ തട്ടുകൾ ഉണ്ടായിരുന്നില്ലല്ലോ. അല്ലയോ മിത്രങ്ങളേ! ഈ രണ്ടു ഭൂകമ്പങ്ങളും നിങ്ങൾ നിങ്ങളുടെ നയനങ്ങൾ കൊണ്ട് ദർശിച്ചിരിക്കുന്നതിനാൽ ഭാവിയിൽ സംഭവിക്കാൻ പോകുന്ന അഞ്ച് ഭൂകമ്പങ്ങളെ സംബന്ധിച്ചുള്ള വെളിപാട് കളിതമാശയല്ലെന്നകാര്യം മനസ്സിലാക്കാൻ വളരെ എളുപ്പമാണ്. ഏപ്രിൽ മാസത്തിൽ സംഭവിച്ച രീതിയിലുള്ള ഒരു ഭൂകമ്പം 11 മാസംവരെ വരികയില്ലെന്നും, മറിച്ച് 1906 ഫെബ്രുവരി 25നു ശേഷം കൃത്യം വസന്തകാലത്തുതന്നെ അത് സംഭവിക്കുമെന്ന്, ദൃഢമായി വിശ്വസിക്കുക എന്നത് മനുഷ്യശക്തിക്കതീതമായിരുന്നുവെന്നതും നിങ്ങൾക്ക് മനസ്സിലാക്കാവുന്നതാണ്. അപ്രകാരംതന്നെ, ഇതിനുശേഷം അഞ്ച് ശക്തമായ ഭൂകമ്പം വരുമെന്നും അതുമൂലം തന്റെ അസ്തിത്വത്തെ അംഗീകരിക്കാതിരുന്നവരെ അംഗീകരിപ്പിക്കുന്നതിലേക്ക് അടുപ്പിക്കുംവിധം അല്ലാഹു തന്റെ മുഖകാന്തി കാണിക്കുന്നതാണെന്ന് ദൃഢമായി വിശ്വസിക്കാനും മനുഷ്യശക്തിക്ക് കഴിയുകയില്ല. ഇതിനുശേഷം സമാധാനം സംജാതമാവുകയും ലോകം അതിന്റെസാധാരണാവസ്ഥയിലേക്ക് തിരിച്ച് വരികയും ചെയ്യും. പിന്നെ ഇങ്ങനെയുള്ള ഭൂകമ്പങ്ങൾ ഒരു നിശ്ചിതകാലംവരെ ഒരിക്കലും വരികയില്ല. ഭൂമിശാസ്ത്രപരമായി അറിവുള്ള ഒരാൾക്കും ഇത്ര വ്യക്തമായും വിശദീകരിച്ചും പറയുക സാധ്യമല്ലെന്ന് നിങ്ങൾക്ക് മനസ്സിലാക്കാം. മറിച്ച് ആകാശഭൂമികളുടെ നാഥനായ അല്ലാഹു ഈ രഹസ്യങ്ങൾ തന്റെ പ്രത്യേകമായ പ്രവാചകൻമാർക്ക് മാത്രമേ പറഞ്ഞുകൊടുക്കുകയുള്ളു. എല്ലാവർക്കും പറഞ്ഞു

വസന്തകാലത്ത് സംഭവിക്കും. ഇതിനെ സംബന്ധിച്ച വെളിപാട് ഇപ്രകാരം ആയിരുന്നു: പിന്നീട് വസന്തകാലം വന്നു. അല്ലാഹുവിന്റെ വചനം ഒരിക്കൽകൂടി പൂർത്തിയായി. 1906 ഫെബ്രുവരി 28ലെ ഭൂകമ്പം കൃത്യം വസന്തകാലത്തു തന്നെയാണ് വന്നത്. അതിൽ 8 ആളുകൾ മരിക്കുകയും 19 പേർക്ക് പരിക്കുപറ്റുകയും നൂറുക്കണക്കിന് ഭവനങ്ങൾ നിലം പൊത്തുകയും ചെയ്തു. ഈ ഭൂകമ്പത്തെപറ്റി 1906 മാർച്ച് 16ലെ പൈസ പത്രം അഞ്ചാംപേജിൽ മൂന്നാമത്തെ കോളത്തിൽ എഴുതി, 1906 ഫെബ്രുവരി 28ന് രാത്രി സംഭവിച്ച ഭൂകമ്പത്തിൽ അമ്പാല ജില്ലയിലെ ജഗാധരി താലൂക്കിൽ സ്ഥിതിചെയ്യുന്ന ദോധാപൂർ എന്ന സ്ഥലത്ത് ഉറങ്ങിക്കിടന്നിരുന്ന എല്ലാവരും മരിച്ചുപോയി. മൂന്നുപേർമാത്രമാണ് രക്ഷപ്പെട്ടത്. കൂടാതെ സഹാറൺപൂർ ജില്ലയിൽ ഒരു പൊട്ടകിണറ്റിൽ ഭൂകമ്പത്തിന്റെ രാത്രി വെള്ളം പൊങ്ങിവരികയും ചെയ്തു.

കൊടുക്കുകയില്ല. തൻമൂലം ജനങ്ങൾ നിഷേധാത്മക പ്രവർത്തികളിൽനിന്ന് രക്ഷ പ്രാപിച്ചു വിശ്വാസികളാകാനും നരകശിക്ഷയിൽ നിന്ന് മുക്തിനേടാനുമായിട്ടത്രെ. അതിനാൽ നിങ്ങളുടെ മരണം വഴികേടിലാകാതിരിക്കാൻ വേണ്ടിയും നിങ്ങളുടെമേൽ തെളിവുകൾ പൂർത്തീകരിക്കുന്നതിനു വേണ്ടിയും അഞ്ച് ഭൂകമ്പങ്ങളെ സംബന്ധിച്ച പ്രവചനം ഇന്നു ഞാൻ ആകാശഭൂമികളെ സാക്ഷിയാക്കികൊണ്ട് വളരെ വ്യക്തമായി വിവരിച്ചിരിക്കുന്നു.

അല്ലയോ സ്നേഹിതന്മാരേ! നിങ്ങൾ അല്ലാഹുവിനോട് യുദ്ധം ചെയ്യരുത്. ആ യുദ്ധത്തിൽ നിങ്ങൾ ഒരിക്കലും വിജയം കൈവരിക്കുകയില്ല. ഒരു സമൂഹത്തിലേക്ക്, അല്ലാഹു അവനിൽ നിന്നുള്ള ഒരു പ്രവാചകനെ അയക്കാതെ ആ സമൂഹത്തിൽ കഠിനമായ ശിക്ഷ ഇറക്കാറില്ല, ഒരിക്കലും അവൻ അങ്ങനെ ചെയ്തിട്ടുമില്ല. അതായത് അവനാൽ അയക്കപ്പെട്ടവൻ അവരിൽ പ്രത്യക്ഷപ്പെടുന്നതുവരെ. ആയതിനാൽ അല്ലാഹുവിന്റെ സനാതനമായ നിയമങ്ങളിൽനിന്ന് നിങ്ങൾ പ്രയോജനം കൈക്കൊള്ളുക.

**റമളാൻ മാസത്തിൽ ആകാശത്തിൽ സൂര്യചന്ദ്രഗ്രഹണങ്ങൾ നിങ്ങളുടെ ദൃഷ്ടിക്കുമുമ്പിൽ കാണിച്ചതും, ഭൂമിയിൽ പ്ലേഗ് പടർന്നുപിടിച്ചതും, ഭൂകമ്പങ്ങൾ ഉണ്ടായതും ആർക്കു വേണ്ടിയാണോ, ഈ പ്രവചനങ്ങൾ അവയുടെ സാക്ഷാത്കാരത്തിനു മുമ്പേതന്നെ നിങ്ങളെ കേൾപ്പിച്ചതും ആരാണോ, താൻ മസീഹ് മൗഊദാണെന്ന് ആരാണോ വാദമുന്നയിച്ചത്, ആ വ്യക്തി ആരാണെന്ന് നിങ്ങൾ അന്വേഷിക്കുക. ആ വ്യക്തി നിങ്ങളിൽ ജീവിച്ചിരിക്കുന്ന ആളാണോയെന്നും നിങ്ങൾ അന്വേഷിക്കുക. അവൻ ഈ സംസാരിച്ചുകൊണ്ടിരിക്കുന്നവൻ തന്നെയാണ്.**

وَلَا تَايْـَٔسُوْا مِنْ رَّوْحِ اللّٰهِ ؕ اِنَّهٗ لَا يَايْـَٔسُ
مِنْ رَّوْحِ اللّٰهِ اِلَّا الْقَوْمُ الْكٰفِرُوْنَ﴿۸۸﴾ [13]

13. അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. അവിശ്വാസികളായ ജനതയല്ലാതെ അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിരാശപ്പെടുകയില്ല (12:88)

ഈ പ്രബന്ധം ഇവിടെവച്ച് അവസാനിപ്പിക്കുകയായിരുന്നു എന്റെ ഉദ്ദേശ്യം. എന്നാൽ, ഇന്ന് 1906 മാർച്ച് 15-ാം തിയതി, വ്യാഴാഴ്ച പ്രഭാത സമയത്ത് ഇങ്ങനെ ഇൽഹാമുണ്ടായി. അല്ലാഹു പറയുകയാണ്:

خدا نکلنے کو ہے [14]

اَنْتَ مِنِّی بِمَنْزِلَةِ بُرُوْزِیْ. وَعْدَ اللّٰهِ اِنَّ وَعْدَ اللّٰهِ لَا یُبَدَّلُ

അതായത്, അല്ലാഹു അവന്റെ മുഖം ഈ അഞ്ച് ഭൂകമ്പങ്ങൾ മുഖേന പ്രകടമാക്കുന്നതാണ്. അവൻ അവന്റെ അസ്തിത്വത്തെ കാണിക്കുന്നതാണ്. ഞാൻതന്നെ പ്രത്യക്ഷപ്പെട്ട നിലയിലാണ് നീയും ഞാനുമായിട്ടുള്ള ബന്ധം നിലകൊള്ളുന്നത്. അതായത് നിന്റെ വെളിപ്പെടൽ എന്റെ വെളിപ്പെടൽ പോലെ തന്നെയായിരിക്കും. അഞ്ച് ഭൂകമ്പങ്ങളോടുകൂടി അല്ലാഹു സ്വയം വെളിപ്പെടുക എന്നത് അവന്റെ വാഗ്ദാനമാകുന്നു. അല്ലാഹുവിന്റെ വാഗ്ദാനം തെറ്റിപോവുകയില്ല. അത് തീർച്ചയായും പൂർത്തിയാകുന്നതാണ്.

പ്രവചനങ്ങൾ രണ്ടുതരത്തിലുണ്ടെന്ന കാര്യം ഓർക്കുക. ഒന്ന് വഈദ് അഥവാ താക്കീതുപരമായിട്ടുള്ളത്. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് ശിക്ഷനൽകുക എന്നതാണ്. ഇങ്ങനെയുള്ള പ്രവചനങ്ങൾ അല്ലാഹുവിൽനിന്നുള്ളതാകുമ്പോൾ, അത് ഭയം, പ്രായശ്ചിത്തം, പശ്ചാത്താപം, അല്ലെങ്കിൽ ദാനധർമങ്ങൾ പ്രാർഥന എന്നിവ മുഖേന നീങ്ങി പോകുന്നതാണ്; യൂനുസ് നബി ചെയ്ത പ്രവചനം പുലരാതെ നീങ്ങിപ്പോയതുപോലെ. 40 ദിവസങ്ങൾക്കുള്ളിൽ നിന്റെ സമുദായത്തിനുമേൽ ശിക്ഷ ഇറങ്ങുമെന്ന് താക്കീതെന്നോണം യൂനുസുനബിയോട് പറയപ്പെട്ടിരുന്നു. അത് ഒരു ഉപാധിയുമില്ലാത്ത ഖണ്ഡിതമായ പ്രവചനമായിരുന്നു. എന്നിട്ടും യൂനുസിന്റെ സമുദായം പശ്ചാത്തപിക്കുകയും, പാപമോചനത്തിന് കേഴുകയും, അവരുടെ ഹൃദയം ഭയപ്പെടുകയും ചെയ്തപ്പോൾ ആ ശിക്ഷ ഇറക്കാതെ അല്ലാഹു തടഞ്ഞുവെച്ചു. അങ്ങനെ ആ ഖണ്ഡിത പ്രവചനം നീങ്ങിപ്പോയി. അക്കാരണത്താൽത്തന്നെ യൂനുസുനബിക്ക്

14. അല്ലാഹു പുറപ്പെടാൻ പോകുന്നു

വളരെയധികം വിഷമതകൾ അഭിമുഖീകരിക്കേണ്ടിവന്നു. കൂടാതെ ഒരു വ്യാജവാദിയെന്ന് മുദ്രകുത്തപ്പെട്ട് തന്റെ സമൂഹത്തിൽ വീണ്ടും മുഖം കാണിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. പശ്ചാത്താപം(തൗബ) പ്രായശ്ചിത്തം (ഇസ്തിഗ്ഫാർ) അല്ലെങ്കിൽ ദാനധർമ്മങ്ങൾ (സ്വദഖഃ)മുഖേന താക്കീതുപരമായ പ്രവചനങ്ങൾ നീങ്ങിപ്പോകുമെന്നത് ഒരുവിഭാഗത്തിനും, സമൂഹത്തിനും, നിഷേധിക്കാനാവാത്ത വിധത്തിൽ വ്യക്തമായ കാര്യമാകുന്നു. കാരണം തൗബ, ഇസ്തിഗ്ഫാർ, സ്വദഖഃ എന്നിവ മുഖേന ആപത്ത് തടയപ്പെടുമെന്നത് സർവ്വ പ്രവാചകൻമാരും ഏകാഭിപ്രായത്തോടെ അംഗീകരിച്ച വസ്തുതയുമാണ്. ഇപ്പോൾ ഒരു കാര്യം വ്യക്തമായി, ആരുടെയെങ്കിലുംമേൽ ഒരുവിപത്ത് ഇറക്കാൻ അല്ലാഹു ഉദ്ദേശിക്കുകയും, അത് സംഭവിക്കുന്നതിന് മുമ്പേ ഒരു പ്രവാചകന് അതിനെ സംബന്ധിച്ച് അറിവ് നൽകപ്പെടുകയുമാണെങ്കിൽ അതിനെ താക്കീതുപരമായിട്ടുള്ള പ്രവചനമെന്ന് പറയുന്നു. എന്നാൽ, ഏതെങ്കിലും പ്രവാചകന് അത് സംഭവിക്കുന്ന സമയത്തിനുമുമ്പേ അതിനെസംബന്ധിച്ച അറിവ് നൽകപ്പെടുന്നില്ലെങ്കിൽ അത് അല്ലാഹുവിന്റെ ഗോപ്യമായ ഒരു ഇറാദ(ഇച്ഛ)മാത്രമായിരിക്കും. ഡപ്യൂട്ടി അബ്ദുള്ള ആഥം 15 മാസത്തിന്റെ കാലയളവിൽ മരിക്കാതെ, കുറച്ചുമാസങ്ങൾ കഴിഞ്ഞശേഷമാണ്, മരണപ്പെട്ടതെന്ന് പറഞ്ഞ് എന്നെ ആക്ഷേപിക്കുന്ന പാമരരായ മൗലവിമാരുടെ തനിനിറം ഇപ്പോൾ എപ്രകാരമാണ് വെളിപ്പെട്ടിരിക്കുന്നത്. അത് താക്കീതായിട്ടുള്ള ഒരു പ്രവചനം ആയിരുന്നു എന്നതിനു പുറമെ, യൂനുസിന്റെ പ്രവചനംപോലെ ഖണ്ഡിതം മാത്രമായിരുന്നില്ല, മറിച്ച് ഈ പ്രവചനത്തിൽ **സത്യത്തിലേക്ക് മടങ്ങുന്നില്ലെങ്കിൽ** എന്ന വാക്കും ഉൾപ്പെട്ടിരുന്നുവെന്ന് അവർക്ക് അറിവുള്ളതല്ലെ? അതായത്, അദ്ദേഹത്തിന്റെ ഹൃദയം സത്യത്തിലേക്ക് മടങ്ങിയിട്ടില്ലാത്ത അവസ്ഥയിൽ 15 മാസത്തിനുള്ളിൽ മരിച്ചുപോകുന്നതാണ്. എന്നാൽ, ഈ പ്രവചനം കേൾപ്പിക്കപെട്ട അതേ സദസ്സിൽ വെച്ചു അദ്ദേഹം ഭയപ്പെടുകയും, സത്യത്തിലേക്ക് തിരിച്ചുവരികയും ചെയ്തിട്ടുണ്ടായിരുന്നുവെന്നത് ക്രിസ്തീയ സാക്ഷ്യങ്ങളിലൂടെ സ്ഥിരീകരിക്കപ്പെട്ട വസ്തുതയാണ്. കാരണം ഡോക്ടർ മാർട്ടിൻ ക്ലാർക്കിന്റെ

വസതിയിൽ വെച്ച് നടന്ന മുഖാമുഖ വാദപ്രതിവാദത്തിന്റെ പരമ്പര അവസാനിച്ചതിനുശേഷം, ഏകദേശം അറുപത്, എഴുപതോളം വരുന്ന ക്രിസ്ത്യാനികളും മുസ്‌ലീംകളുമായ സാക്ഷികളുടെ മുൻപാകെ ഞാൻ ഇപ്രകാരം ഉറക്കെപറഞ്ഞു, അതായത് താങ്കൾ താങ്കളുടെ ഇന്ന പുസ്തകത്തിൽ ഞങ്ങളുടെ നബി(സ) തിരുമേനിയുടെ പേര്, ദജ്ജാൽ എന്നുവെച്ചിരിക്കുന്നതു കൊണ്ട്, താങ്കൾ സത്യത്തിലേക്ക് തിരിയുന്നില്ലെങ്കിൽ 15 മാസങ്ങൾക്കുള്ളിൽ അല്ലാഹു താങ്കളെ നശിപ്പിച്ചുകളയാൻ തീരുമാനിച്ചിരിക്കുന്നു. ഈ പ്രവചനം കേട്ടപ്പോൾ അദ്ദേഹം ഭയപ്പെടുകയും, വിളർത്ത് മഞ്ഞളിക്കുകയും, ശരീരം വിറയ്ക്കുകയും ചെയ്തു. തദനന്തരം അദ്ദേഹം തന്റെ നാവ് പുറത്തേക്കിടുകയും രണ്ട് കൈകളും ചെവികളിൽ വെച്ചുകൊണ്ട് മാപ്പ് ഇരക്കുന്നവരുടെ രൂപഭാവത്തെ പ്രകടിപ്പിച്ച്, താനൊരിക്കലും നബി(സ)തിരുമേനിയെ ദജ്ജാലെന്നു വിളിച്ചിട്ടില്ലെന്ന് പറയുകയും ചെയ്തു. ആ സമയത്ത് സദസ്സിൽ ഏകദേശം മുപ്പതിലധികം ക്രിസ്തീയ സഹോദരൻമാർ ഉണ്ടായിരുന്നുവെന്നാണ് എന്റെ നിഗമനം. അവരിലൊരാൾ ഡോക്ടർ മാർട്ടിൻ ക്ലാർക്കായിരുന്നു. അദ്ദേഹം ഇന്നും ജീവിച്ചിരിപ്പുണ്ട്. സത്യം ചെയ്തുകൊണ്ട് ഈ കാര്യത്തെപ്പറ്റി അദ്ദേഹത്തോട് ആരായുകയാണെങ്കിൽ അദ്ദേഹം ഈ സംഭവത്തെ മറച്ചുവെക്കുമെന്നോ അല്ലെങ്കിൽ ഇതിനെതിരെ സംസാരിക്കുമെന്നോ ഞാൻ പ്രതീക്ഷിക്കുന്നില്ല. ഇതിനെല്ലാം പുറമെ, ഈ പ്രവചനം കേട്ടമാത്രയിൽ ഡപ്യൂട്ടി അബ്ദുള്ള ആഥിമിന്റെ ഹൃദയത്തിൽ കഠിനമായ അസ്വസ്ഥതയും, വേവലാതിയും, അനുഭവപ്പെടുകയും പ്രവചനത്തിന്റെ പ്രഭാവം നിമിത്തം അയാൾ ഒരു ഭ്രാന്തനെപ്പോലെയായിത്തീരുകയും, അധികസമയവും കരഞ്ഞുകൊണ്ടിരിക്കുകയും ചെയ്തിരിന്നുവെന്നത് സ്ഥിരീകരിക്കപ്പെട്ട വസ്തുതയാകുന്നു. പിന്നെ വളരെ കുറച്ചു മാസങ്ങൾ കഴിഞ്ഞ് മരിക്കുന്നതുവരെ അദ്ദേഹം ഇസ്‌ലാമിന്നെതിരിൽ ഒരുവരിപോലും പ്രസിദ്ധീകരിച്ചിട്ടില്ല. പ്രവചനത്തിലെ നിബന്ധനയനുസരിച്ച്, തന്റെ ഹൃദയം സത്യത്തിലേക്ക് തിരിഞ്ഞിട്ടില്ലെന്ന് അദ്ദേഹം സത്യം ചെയ്ത് പറയുകയാണെങ്കിൽ അതിനുശേഷം 40000/രൂപ താമസിയാതെ അദ്ദേഹത്തിന് നൽകാമെന്ന്

ഞാൻ വാഗ്ദാനം ചെയ്യുകയും, അത് ഞാൻ നിരന്തരം ലഘുലേഖകളിൽ എഴുതിക്കൊണ്ട് അദ്ദേഹത്തിന്റെ മേൽ ഹുജ്ജത്ത് (ന്യായപൂർത്തി)വരുത്തുകയും ചെയ്തു. എന്നാൽ, എന്റെ മതത്തിൽ സത്യംചെയ്യൽ നിരോധിച്ചിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട്, ക്രിസ്ത്യാനികളുടെ നിർബന്ധത്തിനുവഴങ്ങാതെ അദ്ദേഹം സത്യം ചെയ്യുന്നതിൽനിന്ന് ഒഴിഞ്ഞുമാറുകയാണ് ഉണ്ടായത്. പത്രോസും പൗലോസും സ്വയം യേശുവും സത്യം ചെയ്തതായിട്ടാണ് ഇൻജീലിൽ (പുതിയ നിയമം)നിന്ന് വ്യക്തമാകുന്നത്. പിന്നെ എങ്ങനെയാണ് നിരോധിക്കപ്പെട്ടത്? ഇപ്പോഴും കോടതികളിൽ ക്രിസ്തീയ സാക്ഷികളെക്കൊണ്ട് സത്യം ചെയ്യിക്കാറുണ്ട്. ക്രിസ്ത്യാനികൾക്ക് പ്രത്യേകരീതിയിലുള്ള സത്യവും, മറ്റുള്ളവർക്ക് കുറ്റസമ്മതവുമാണ് നിലനിൽക്കുന്നത്. ചുരുക്കത്തിൽ ഇങ്ങനെ തന്ത്രങ്ങളും ന്യായങ്ങളും മെനഞ്ഞിട്ടും എന്റെ ലഘുലേഖകളിൽ ഞാൻ പറഞ്ഞതനുസരിച്ച് മരണത്തിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കാതെ, എന്റെ അവസാനത്തെ ലഘുലേഖ പ്രസിദ്ധീകരിച്ച് അല്പ മാസങ്ങൾക്കുശേഷം മരണപ്പെടുകയും ചെയ്തു. മരണരോഗം അദ്ദേഹത്തിന് ആ നാളുകളിൽതന്നെ പിടിപെട്ട് കഴിഞ്ഞിട്ടുണ്ടായിരുന്നു.

വിശുദ്ധ ഖുർആനും, ഹദീഥും പഠിച്ചതിനുശേഷം അത് നിഷ്ഫലമാക്കിക്കളഞ്ഞ നമ്മുടെ എതിരാളികളായ മൗലവിമാരുടെ ആക്ഷേപങ്ങൾ ഇവയൊക്കെയാകുന്നു. വഈദ് , അഥവാ താക്കീതുപരമായിട്ടുള്ള പ്രവചനങ്ങളും, വഅദ അഥവാ വാഗ്ദാനപരമായിട്ടുള്ള പ്രവചനങ്ങളും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് ഇവർക്ക് ഇതുവരെ മനസ്സിലായിട്ടില്ല. ദുർറെമൻഥൂറിൽ സവിസ്തരം രേഖപെട്ടുകിടക്കുന്ന യൂനുസ് നബിയുടെ കഥയും ഇവർക്കിപ്പോഴും അജ്ഞാതമാണ്. അവരുടെ ഉദ്ദേശ്യം ശുദ്ധമല്ലാത്തതുകൊണ്ട് ആക്ഷേപം ഉന്നയിക്കുന്ന സമയത്ത്, എന്നിൽനിന്ന് പൂർത്തിയായിരിക്കുന്ന പതിനായിരക്കണക്കിലധികം പ്രവചനങ്ങൾ അവർക്ക് ഓർമയുണ്ടാകുന്നില്ല. അവയെല്ലാം അല്ലാഹു അരുൾചെയ്ത പ്രകാരം തന്നെ പ്രകടമായിരിക്കുന്നു. ഏതെങ്കിലും വ്യക്തിയുടെ ശിക്ഷയുമായി ബന്ധപ്പെട്ട, താക്കീതായിട്ടുള്ള വല്ല പ്രവചനവും അതിന്റെ പൂർത്തീകരണസമയത്തിന് മുമ്പേ നീങ്ങിപ്പോയിട്ടുണ്ടെങ്കിൽ

അതിനെതിരെ ആരവം മുഴക്കുന്നവർക്ക് അല്ലാഹുവിന്റെ ഗ്രന്ഥങ്ങ ളിൽ വിശ്വാസമില്ലെന്നാണ് തെളിയുന്നത്. എന്നെ ആക്രമിക്കാ നുള്ള ആവേശത്തിൽ സകല പ്രവാചകന്മാരേയും ആക്രമിക്കുന്നു. ഡപ്യൂട്ടി അബ്ദുല്ലാ ആഥിം 15 മാസങ്ങൾക്കുള്ളിൽ മരിച്ചില്ലെ ങ്കിലും കുറച്ചുമാസങ്ങൾക്കു ശേഷം എന്റെ ജീവിതകാലത്തു തന്നെ മരിച്ചുപോയകാര്യം ഈ പാവത്തുങ്ങൾക്ക് അറിയില്ലേ? സത്യവാദിയുടെ ജീവിതകാലത്തുതന്നെ കള്ളവാദി മരിച്ചു പോകു മെന്നകാര്യം പ്രവചനത്തിൽ വ്യക്തമായും ഉണ്ടായിരുന്നു. ക്രിസ് തുമതം സത്യമാകുന്നുവെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. ഇസ്ലാംമതം സത്യമതമാകുന്നുവെന്ന് ഞാനും വാദിച്ചു. ആയതി നാൽ എന്റെ ജീവിതകാലത്തുതന്നെ ദൈവം അദ്ദേഹത്തെ നശിപ്പി ച്ചുകൊണ്ട് എന്നെ സത്യവാനാക്കി. ഈ വസ്തുതകളെ വിവരി ക്കാതെ പതിനഞ്ചു മാസകാലയളവിനെ നിരന്തരം എടുത്തുകാ ണിക്കുന്നതാണോ, ഈ മൗലവിമാരുടെ സത്യസന്ധത? യൂനുസ് നബിയുടേത് ശിക്ഷയെ സംബന്ധിച്ച ഖണ്ഡിതമായ പ്രവചനമാ യിരുന്നു. അതായത് 40 ദിവസങ്ങൾക്കുള്ളിൽ എന്തുതന്നെയാ യാലും ആ സമുദായത്തിൽ ശിക്ഷ ഇറങ്ങുകതന്നെ ചെയ്യുമെന്ന് അറിയിക്കപ്പെട്ടിട്ടുണ്ടായിരുന്നു. എന്നാൽ, ആ ശിക്ഷ അവരിൽ ഇറങ്ങിയില്ല. കൂടാതെ അവരിലധികംപേരും ജീവിച്ചിരിക്കെ യൂനു സുനബി മരിച്ചുപോവുകയും ചെയ്തുവെന്ന കാര്യം ചിന്തിക്കു ന്നില്ലേ?. അഹോകഷ്ടം! ഇവരുടെ ഉദ്ദേശ്യം (നിയ്യത്ത്) ശുദ്ധമായി രുന്നുവെങ്കിൽ, ആഥിമിന്റെ സംഭവത്തിനുശേഷം ലേഖ്റാമിനെ സംബന്ധിച്ച് ചെയ്ത പ്രവചനത്തിൽ ഒരു നിബന്ധനയും ഉണ്ടാ യിരുന്നില്ല. കൂടാതെ അതിൽ സമയവും മരണത്തിന്റെ രീതിയും വ്യക്തമായി പറയപ്പെട്ടിരുന്നു. അത് എത്ര സ്പഷ്ടമായിട്ടാണ് പുല ർന്നതെന്ന് ചിന്തിച്ചാൽത്തന്നെ മതിയായിരുന്നു. എന്നാൽ, വിദ്വേ ഷംകൊണ്ട് ഹൃദയത്തിൽ അന്ധതബാധിച്ചാൽപിന്നെ ആർക്കാണ് ചിന്തിക്കാൻ കഴിയുന്നത്? ഹൃദയത്തിൽ അല്പം നീതിനിഷ്ഠ ഉണ്ടായിരുന്നെങ്കിൽ അത്യധികം സരളമായ ഒരുമാർഗം അവർക്ക് സ്വീകരിക്കാമായിരുന്നു. അതായത്, പൂർത്തിയായിട്ടില്ലെന്ന് അവ

ർക്ക് ആക്ഷേപമുള്ള പ്രവചനങ്ങൾ എത്രയെന്ന് എഴുതി എന്റെ മുമ്പിൽ കൊണ്ടുവരികയും, പിന്നെപൂർത്തിയായ പ്രവചനങ്ങൾ എത്രയുണ്ടെന്നും, അവയെ സംബന്ധിച്ച് എന്നോട് തെളിവ് ആവശ്യപ്പെടുകയും ചെയ്തിരുന്നെങ്കിൽ, ഈ പരീക്ഷയിലൂടെ സകല മറകളും നീക്കപ്പെടുമായിരുന്നു. ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുകയാണ്, അവരുടെ പക്കൽ ആക്ഷേപത്തിന് പാത്രമായിട്ടുള്ളത്, ഭയവും, ആശങ്കയും കാരണമായി കാലതാമസം നേരിടുമെന്ന് നിബന്ധനയുള്ള, ഒന്ന് രണ്ട് താക്കീതുപരമായ പ്രവചനങ്ങൾ മാത്രമാണ്. പശ്ചാത്താപം, ദാനധർമം, പ്രാർഥന എന്നിവ മുഖേന അത്തരം പ്രവചനങ്ങൾ നീങ്ങിപ്പോകുമെന്നുള്ളത് അല്ലാഹുവിന്റെ സനാതനനിയമമാകുന്നു. എന്നാൽ, ഇതിനു പകരമായി ലക്ഷക്കണക്കിന് മനുഷ്യർ സാക്ഷികളായിട്ടുള്ള പതിനായിരത്തിലധികം പ്രവചനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഒരു സമുദായം മാത്രമല്ല, സർവ്വസമുദായങ്ങളും അവർ മുസ്ലീംകളാവട്ടെ, ഹിന്ദുക്കളാവട്ടെ, ക്രിസ്ത്യാനികളാവട്ടെ ഇവയുടെ സത്യതയ്ക്കു സാക്ഷ്യം പറയാൻ നിർബന്ധിതരാണ്! ലക്ഷക്കണക്കിന് മനുഷ്യർ സാക്ഷികളായിട്ടുള്ള അതിമഹത്തായ പ്രവചനങ്ങളുടെ സമാഹാരത്തിൽനിന്ന് ഒരുതരത്തിലുള്ള പ്രയോജനവും കരസ്ഥമാക്കാതെ അവയെ തള്ളിക്കളഞ്ഞുകൊണ്ട്, അല്ലാഹുവിന്റെ സനാതന ചട്ടമനുസരിച്ച് കാലതാമസം നേരിട്ട 'വഈദ്' അഥവാ താക്കീതുപരമായ ഒന്നുരണ്ടു പ്രവചനങ്ങൾ നിരന്തരം എടുത്തു കാട്ടുന്നത് എത്തരത്തിലുള്ള സത്യസന്ധതയാണ്?. ഇതാണ് അവസ്ഥയെങ്കിൽ, ഒരുപ്രവാചകന്റേയും പ്രവാചകത്വവും നിലനിൽക്കുക സാധ്യമല്ല. കാരണം ഓരോ പ്രവാചകത്വത്തിലും ഇത്തരം സംഭവങ്ങളുടെ മാതൃകകൾ കാണാവുന്നതാണ്. അതുകൊണ്ടാണ് ഇവർ സത്യത്തിന്റേയും, ദീനിന്റേയും ശത്രുക്കളാണെന്ന് ഞാൻ പറയുന്നത്. ഇവരിൽ നിന്നൊരുവിഭാഗം ഹൃദയത്തെപവിത്രമാക്കി എന്റെ അടുത്ത് ഇനിയും വരികയാണെങ്കിൽ, അവരുടെ അനാവശ്യവും വ്യർഥവുമായ സംശയങ്ങൾക്കു മറുപടി നൽകുവാനും, എന്റെ സത്യസാക്ഷ്യത്തിലേക്കായി എത്രയധികം പ്രവചനങ്ങളെ

യാണ് പ്രദാനം ചെയ്തിരിക്കുന്നതെന്നും, പകൽ ഉദിച്ചു വരുന്നതു പോലെ ഏതുവിധത്തിലാണ് അവയുടെ സത്യത വെളിപ്പെട്ടിരിക്കുന്നതെന്നും കാണിച്ചുകൊടുക്കാൻ ഞാൻ ഒരുക്കമാണ്.

എന്നാൽ, ഈ പാമരൻമാരായ മൗലവിമാർ അവരുടെ ദൃഷ്ടികൾ മന:പൂർവ്വം അടച്ചുവെക്കുകയാണെങ്കിൽ അടച്ചു കൊള്ളട്ടെ. ഇവർ മുഖേന സത്യത്തിന് എന്ത് നഷ്ടം സംഭവിക്കാനാണ്? എന്നാൽ, ഫിർഔന്റെ പ്രകൃതത്തിലുള്ളവർ ഈ പ്രവചനങ്ങളെപ്പറ്റി ചിന്തിക്കുന്നതായാൽ മുങ്ങിപ്പോകുന്നതിൽനിന്ന് രക്ഷപ്പെടുന്നകാലം വിദൂരമല്ല. അല്ലാഹു പറയുന്നു, 'നിന്റെ സത്യത ഹൃദയങ്ങളിൽ സുസ്ഥിരമാക്കുന്നതുവരെ ഞാൻ ആക്രമണങ്ങളുടെ മേൽ ആക്രമണം നടത്തുന്നതാണ്.'

അതിനാൽ അല്ലയോ മൗലവിമാരേ! അല്ലാഹുവുമായി പോരാടാൻ നിങ്ങൾക്ക് ശക്തിയുണ്ടെങ്കിൽ നിങ്ങൾ പോരാടിക്കൊള്ളുക. എനിക്ക് മുമ്പേ ഒരു സാധു മനുഷ്യനായ മർയമിന്റെ മകനോട് യഹൂദികൾ എന്തൊക്കെയാണ് ചെയ്തുകൂട്ടിയത്. തങ്ങളുടെ ഊഹത്തിൽനിന്നുകൊണ്ട് എപ്രകാരമാണ് അദ്ദേഹത്തെ കുരിശിലേറ്റിയത്. എന്നാൽ, അല്ലാഹു അദ്ദേഹത്തെ കുരിശുമരണത്തിൽ നിന്ന് രക്ഷപ്പെടുത്തി. അല്ലെങ്കിൽ അദ്ദേഹം വ്യാജനും, കുതന്ത്രനുമായി ഗണിക്കപെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. പക്ഷേ, ഇപ്പോൾ നാൽപതുകോടി* ജനങ്ങൾ ദൈവമായി അംഗീകരിക്കത്തക്ക വിധത്തിൽ അദ്ദേഹത്തിന്റെ മഹത്ത്വം ഹൃദയങ്ങളിൽ ഉത്ഭൂതമാക്കപ്പെട്ടിരിക്കുന്ന ഒരു കാലവും വന്നിരിക്കുന്നു. നിസ്സഹായനായ ഒരു മനുഷ്യനെ ദൈവമാക്കിയെന്നത് അവർ ചെയ്തിരിക്കുന്ന ദൈവനിഷേധമാണെങ്കിലും, ഇത് യഹൂദികൾക്കുള്ള ഒരു മറുപടിയുമാകുന്നു. അതായത്, ഏതൊരു മനുഷ്യനെയാണോ കള്ളവാദിയായി മുദ്രകുത്തി കാൽപാദത്തിനടിയിലിട്ട് ചവിട്ടിമെതിക്കാൻ ജനങ്ങൾ ആഗ്രഹിച്ചത്, ആ മർയമിന്റെ മകൻ യേശു ഇന്ന് നാൽപതുകോടി ജനങ്ങൾ സാഷ്ടാംഗം ചെയ്യുംവിധം മഹത്ത്വമുള്ളവനായി ത്തീർന്നിരിക്കുന്നു. രാജാക്കൻമാരുടെ ശിരസ്സുകൾ ആ പേരിനു

* 1906ലെ കണക്കുപ്രകാരം

മുമ്പിൽ കുനിയുകയുംചെയ്യുന്നു. എന്നാൽ, മർയമിന്റെ മകൻ യേശുവിനെപോലെ, താൻ ശിർക്കിന്റെ അഭിവൃദ്ധിക്ക് കാരണമാക്കപ്പെടരുതെന്ന് അല്ലാഹുവിനോട് ഞാൻ പ്രാർഥിച്ചിട്ടുണ്ട്.

**അല്ലാഹു അങ്ങനെതന്നെ ചെയ്യുമെന്ന് എനിക്ക് ഉറപ്പുണ്ട്. എന്നാൽ, എനിക്ക് അധികമായി മഹത്ത്വം തന്നരുളുമെന്നും എന്റെ സ്നേഹത്തെ ഹൃദയങ്ങളിൽ കുടിയിരുത്തുമെന്നും, എന്റെ പ്രസ്ഥാനത്തെ ഭൂതലമാകെ പ്രചരിപ്പിക്കുമെന്നും, എന്റെ പ്രസ്ഥാനത്തെ സർവ്വകക്ഷികളുടേയുംമേൽ വിജയിപ്പിക്കുമെന്നും, അല്ലാഹു എനിക്ക് നിരന്തരം അറിവ് നൽകിയിട്ടുണ്ട്. കൂടാതെ എന്റെ പ്രസ്ഥാനത്തിലെ ജനങ്ങൾ തങ്ങളുടെ അടയാളം കൊണ്ടും തെളിവുകൾ കൊണ്ടും, സത്യത്തിന്റെ പ്രകാശം കൊണ്ടും സർവ്വരുടേയും വായ് കൊട്ടിയടക്കുംവിധം അറിവിലും ജ്ഞാനത്തിലും പരിപൂർണത കരസ്ഥമാക്കുന്നതാണ്. എല്ലാ സമൂഹവും ഈ ഉറവിൽനിന്ന് വെള്ളം കുടിക്കുന്നതാണ്. ഈ പ്രസ്ഥാനം ഭൂമിയിൽ പടർന്നു പന്തലിക്കുന്നതുവരെ ഇത് ത്വരിതഗതിയിൽ വളരുകയും പുഷ്പിക്കുകയും ചെയ്യുന്നതാണ്. അനവധി തടസ്സങ്ങളും പരീക്ഷണങ്ങളും നേരിടേണ്ടിവരുമെങ്കിലും അവയെല്ലാം മധ്യത്തിൽനിന്ന് നീക്കിക്കളയുകയും തന്റെ വാഗ്ദാനം പൂർത്തിയാക്കുന്നതുമായിരിക്കും. അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു, രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടുമാറ് ഞാൻ നിനക്ക് അനുഗ്രഹത്തിനുമേൽ അനുഗ്രഹം തന്നരുളുന്നതാണ്.** [15]

അതിനാൽ അല്ലയോ ശ്രോതാക്കളേ! ഇക്കാര്യങ്ങൾ ഓർമ വെക്കുക. ഈപ്രവചനങ്ങളെ നിങ്ങളുടെ പെട്ടികളിൽ സുരക്ഷിതമാക്കിവെക്കുക. ഇവ ഒരുനാൾ പൂർത്തിയാകേണ്ട ദൈവത്തിന്റെ വചനങ്ങളാകുന്നു. ഞാൻ എന്നിൽ ഒരു നന്മയും കാണുന്നില്ല.

15. ജാഗ്രാവസ്ഥയിലുള്ള ആത്മീയ ദർശനത്തിൽ (കശ്ഫ്) കുതിരയിൽ യാത്ര ചെയ്തുകൊണ്ടിരുന്ന രാജാക്കന്മാരെ എനിക്കു കാണിച്ചുതന്നു. ഇവർ തങ്ങളുടെ കഴുത്തുകളിൽ നിന്റെ അനുസരണത്തിന്റെ നുകം വഹിക്കുന്നതാണെന്നും, അവർക്ക് അല്ലാഹു അനുഗ്രഹം ചൊരിയുമെന്നും പറയപ്പെട്ടു.

എനിക്ക് ചെയ്യേണ്ടതായിരുന്ന ജോലി ഞാൻ അപ്രകാരം ചെയ്തിട്ടുമില്ല. അർഹതയില്ലാത്ത ഒരു തൊഴിലാളി മാത്രമായിട്ടാണ് ഞാൻ എന്നെ മനസ്സിലാക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹം ഒന്നു മാത്രമാണ് എന്റെ കൂടെയുള്ളത്. ഒരു വിധത്തിലുള്ള വൈദഗ്ദ്യവും ഇല്ലാതിരുന്നിട്ടും ഈ വിനീതനെ ഇഷ്ടഭാജനമാക്കിയ ഖാദിറും, കരീമുമായ അല്ലാഹുവിന് ആയിരമായിരം നന്ദി.

عجب دارم از لطفت اے کردگار ۔ پذیرفتہ ءچوں من خاکسار

پسندیدگانے بجائے رسند ۔ زما کہتر انت چہ آمد پسند [16]

چو از قطرۂ خلق پیدا کنی ۔ ہمیں عادت اینجا ہویدا کنی

ഒരുകാര്യം എഴുതാൻ വിട്ടുപോയി, അതായത്, മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ദൈവികവെളിപാടിലെ

اِنَّ وَعْدَ اللّٰہِ لَا یُبَدَّلُ

അതായത്, അല്ലാഹുവിന്റെ വചനം നീക്കപ്പെടുകയില്ല എന്ന വാക്കുകൾ സൂചിപ്പിക്കുന്നത്, തീർച്ചയായും സംഭവിക്കേണ്ട അഞ്ച് ഭൂകമ്പങ്ങൾ വരിക എന്നത് അല്ലാഹുവിന്റെ ഒരു വാഗ്ദാന മാകുന്നുവെന്നാണ്. എന്നാൽ, പശ്ചാത്തപിക്കുകയും, പാപപ്പൊറുതി തേടുകയും, ഇപ്പോൾ മുതൽ അല്ലാഹുവുമായി രഞ്ജിപ്പിലാകുകയും, ഒരുവിധത്തിലുള്ള അഹങ്കാരത്തിന്റെ തീയും അവശേഷിക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തിയുടെമേൽ അല്ലാഹു കരുണ ചൊരിയുന്നതാണ്. എന്നാൽ, അവന്റെമേൽ കരുണ ചൊരിയുന്ന

16. അതായത്, എന്നെപ്പോലുള്ള ഒരു സാധുവിനെ നിന്റെ സന്നിധിയിൽ സ്വീകാര്യത നൽകി അനുഗ്രഹിച്ച അല്ലാഹുവേ, നിന്റെ ഇത്തരം അനുഗ്രഹത്തിൽ ഞാൻ അത്ഭുതപ്പെട്ടു പോകുന്നു.
നിന്റെ പ്രേമഭാജർ തങ്ങളുടെ സ്ഥാനം കരസ്ഥമാക്കുന്നു. എന്നാൽ, ഈ നിസ്സഹായനായ എന്റെ ഏതുകാര്യമാണ് നിനക്ക് ഇഷ്ടകരമായി തോന്നിയത്.
ഒരു തുള്ളിയിൽ നിന്ന് നീ സൃഷ്ടികളെ ഉണ്ടാക്കുന്ന ഈ സ്വഭാവത്തെയാണ് ഇവിടെ പ്രകടമാക്കിയിരിക്കുന്നത്.

തിന്റെ ഫലമായി പ്രസ്തുത അഞ്ച് ഭൂകമ്പങ്ങൾ ഉണ്ടാവുകയില്ല എന്നല്ല, അത് സംഭവിക്കുകതന്നെ ചെയ്യും. എന്നാൽ, അത്തരം വ്യക്തികൾ അതിന്റെ കെടുതികളിൽനിന്ന് സംരക്ഷിക്കപ്പെടുന്നതാണ്. കാരണം ഇത് അല്ലാഹുവിന്റെ വാഗ്ദാനമാകുന്നു. അവൻ തന്റെ വാഗ്ദാനം ലംഘിക്കാറില്ല. എന്നാൽ, ഞാൻ അല്പം മുമ്പേ വിവരിച്ചതുപോലെ, അവന്റെ താക്കീതുകൾ നീങ്ങിപോകാവുന്നതാണ്. പക്ഷേ, വാഗ്ദാന ലംഘനം അസംഭാവ്യമണ്.

ഇതിനുമുമ്പേ നൂറുക്കണക്കിനു അടയാളങ്ങൾ വ്യക്തമായരീതിയിൽ എന്റെ സത്യതക്കുവേണ്ടി വെളിപ്പെട്ടിട്ടുണ്ട്. അവ ഏകദേശം ആയിരത്തിലധികമായിരിന്നിട്ടും, ഈ നാശകാരിയും, കൊടിയ നഷ്ടങ്ങൾ വരുത്തിവെക്കുന്നതുമായ പ്ലേഗിന്റേയും ഭൂകമ്പങ്ങളുടേയും ആവശ്യം എന്തിനായിരുന്നു, ആ നൂറുക്കണക്കിനുള്ള അടയാളങ്ങൾ മതിയായിരുന്നില്ലേ എന്ന് സ്വാഭാവികമായും തോന്നാവുന്ന ചോദ്യത്തെ സംബന്ധിച്ച് ഇവിടെ വിശദീകരിക്കുന്നത് ഉചിതമാണെന്ന് തോന്നുന്നു.

ഈ ചോദ്യത്തിനുള്ള മറുപടി രണ്ടു രീതിയിലാണ്. ഒന്നാമത്തേത്, കരുണാർദ്രമായ അടയാളങ്ങളിൽനിന്ന് വളരെ കുറച്ചു പ്രയോജനം മാത്രമേ കരസ്ഥമാക്കുകയുള്ളുവെന്നത് മനുഷ്യപ്രകൃതിയിൽ അന്തർലീനമായിരിക്കുന്ന ഒന്നാണ്. ഇപ്രകാരം തന്നെ, വിദ്വേഷം കാരണമായി രണ്ടാമത്തെ തരത്തിൽപെട്ട ചെറിയ ചെറിയ അടയാളങ്ങളെ തിരസ്ക്കരിക്കുന്നതിനുവേണ്ടിയും എന്തെങ്കിലും തന്ത്രങ്ങൾ മെനയുന്നു. തൻമൂലം ആത്മീയാനുഗ്രഹങ്ങൾ സമ്പത്ത് സ്വീകരിക്കുന്നതിൽനിന്ന് എങ്ങനെയെങ്കിലും വിട്ടുനിൽക്കുന്നു. ആയതിനാൽ ഇവിടേയും സംഭവിച്ചത് ഇങ്ങനെത്തന്നെയാണ്, ആയിരക്കണക്കിനു അടയാളങ്ങൾ വെളിപ്പെട്ടിട്ടും സമുദായത്തിന്റെ ഹൃദയങ്ങളിൽ ഒരല്പംപോലും പ്രതികരണം ഉണ്ടായില്ല. എന്റെ ഗ്രന്ഥമായ 'നുസൂലുൽ മസീഹ്' നോക്കിയാൽ അടയാളങ്ങൾ വെളിപ്പെടുത്തുന്നതിൽ ഒരുതരത്തിലുള്ള വിവേചനവും അല്ലാഹു കാണിച്ചിട്ടില്ലെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നതാണ്. മിത്രങ്ങൾക്കുവേണ്ടിയും, ശത്രുക്കൾക്കു താക്കീതെന്നോണവും

അടയാളങ്ങൾ പ്രകടമായി. എന്നെ സംബന്ധിച്ചും അതുപോലെ തന്നെ എന്റെ സന്താനങ്ങളെ സംബന്ധിച്ചും അടയാളങ്ങൾ വെളിപ്പെട്ടു. ഭൂമിയുടെ ഒരുവലിയ ഭാഗം സമുദ്രത്താൽ നിറഞ്ഞിരിക്കുന്നതുപോലെ ഈ പ്രസ്ഥാനം അല്ലാഹുവിന്റെ അടയാളങ്ങളാൽ നിറഞ്ഞിരിക്കുകയാണ്. ഏതെങ്കിലും തരത്തിലുള്ള അടയാളങ്ങൾ വെളിപ്പെടാതെ ഒരു ദിവസവും കടന്നുപോകുന്നില്ല. ഓരോ പ്രവചനവും ഏതെങ്കിലും തരത്തിലുള്ള അടയാളവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഞാൻ ഈ പുസ്തകത്തിൽ പതിനായിരം അടയാളങ്ങൾ ഉദാഹരണമായി മാത്രമാണ് എടുത്തുപറഞ്ഞിരിക്കുന്നത്. അല്ലാതെ അവയെല്ലാം എഴുതപ്പെടുകയാണെങ്കിൽ ആ പുസ്തകം ആയിരം ഭാഗങ്ങളേക്കാൾ അധികംവരും. തിരമാലകൾ കണക്കെ അടിക്കടി ഇത്രയധികം രഹസ്യജ്ഞാനങ്ങൾ പ്രകടമാകുകയെന്നത് ഏതെങ്കിലും വ്യാജവാദിയുടെ വ്യവഹാരത്തിൽ സാധ്യമാണോ? ദിനന്തോറും വിവിധ തരത്തിലുള്ള അടയാളങ്ങൾ കാണിച്ചുകൊണ്ട് എന്റെ മൂഢരായ എതിരാളികളെ അല്ലാഹു ഇളിഭ്യരാക്കിക്കൊണ്ടിരിക്കുകയാണ്. **ഇബ്റാഹീമിനോട് ഭാഷണവും സംബോധനയും ചെയ്തതുപോലെ, തദനന്തരം ഇസ്ഹാഖിനോടും ഇസ്മാഈലിനോടും യഅ്ഖൂബിനോടും, യൂസുഫ് നബിയോടും, മൂസാനബിയോടും, ഈസബ്നു മർയമിനോടും എല്ലാവർക്കുംശേഷം നമ്മുടെ നബി(സ)തിരുമേനിയോട് അത്യധികം പ്രകാശമയവും, പരിശുദ്ധവുമായ വെളിപാടിലൂടെ സംഭാഷണം നടത്തിയ, ആ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുകയാണ്, അവൻ തന്നെയാണ് എന്നെയും ഭാഷണവും, സംബോധനയുംകൊണ്ട് മഹത്ത്വപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, നബി(സ)തിരുമേനിയെ അനുധാവനം ചെയ്തതു കൊണ്ടു മാത്രമാണ് ഈ ശ്രേഷ്ഠത എനിക്ക് കരസ്ഥമായിരിക്കുന്നത്. ഞാൻ നബി(സ)തിരുമേനിയുടെ ഉമ്മത്തിൽ പെടാതിരിക്കുകയും ആ മഹാത്മാവിനെ അനുകരിക്കാതിരിക്കുകയും, എന്നിട്ട് എന്റെ പ്രവർത്തികൾ ലോകത്തിലെ സർവ്വ പർവ്വതങ്ങൾക്ക് സമാനമായിത്തീരുകയും ചെയ്താലും, എനിക്ക് ഒരിക്കലും ദൈവികഭാഷണത്തിന്റേയും സംബോധനകളുടേയും**

**ഈ ശ്രേഷ്ഠത കരസ്ഥമാകുമായിരുന്നില്ല. കാരണം, ഇപ്പോൾ മുഹമ്മദീ പ്രവാചകത്വമൊഴികെ, മറ്റ് സർവ്വ പ്രവാചകത്വങ്ങളും അടഞ്ഞിരിക്കുകയാകുന്നു. ശരീഅത്തോടുകൂടിയ ഒരു പ്രവാചകനും ഇനി വരികയില്ല. ശരീഅത്തില്ലാത്ത പ്രവാചകൻ വരാവുന്നതാണ്. പക്ഷേ, അദ്ദേഹം ആദ്യം ഉമ്മത്തിൽപ്പെട്ടവനായിരിക്കണം. ഈ അടിസ്ഥാനത്തിൽ ഞാൻ ഉമ്മത്തിയും പ്രവാചകനുമാകുന്നു. എന്റെ പ്രവാചകത്വം, അതായത് ദൈവികമായ വെളിപാടുകളും സംബോധനകളും മുഹമ്മദ് നബി(സ)യുടെ പ്രതിഛായ മാത്രം ആകുന്നു. ഇതല്ലാതെ മറ്റൊന്നുമല്ല എന്റെ പ്രവാചകത്വം. അതേ മുഹമ്മദീ നുബുവ്വത്തുതന്നെയാണ് എന്നിൽ പ്രകടമായിരിക്കുന്നത്. ഞാൻ പ്രതിച്ഛായയും, ഉമ്മത്തിയും മാത്രമായതുകൊണ്ട് നബി (സ)തിരുമേനിയുടെ ശ്രേഷ്ഠതയ്ക്ക് ഒരിക്കലും കളങ്കം ഉണ്ടാകുന്നില്ല.** എനിക്കുണ്ടായിക്കൊണ്ടിരിക്കുന്ന ദൈവികഭാഷണങ്ങൾ യാഥാർഥ്യങ്ങളാകുന്നു. ഇതിൽ ഞാൻ ഒരു നിമിഷത്തേക്കെങ്കിലും ശങ്കിക്കുകയാണെങ്കിൽ എന്റെ പര്യവസാനം ശുഭമല്ലാതാകുകയും ഞാൻ നിഷേധിയായിമാറുകയും ചെയ്യുന്നതായിരിക്കും. എന്റെ മേൽ ഇറങ്ങിയ വചനങ്ങൾ ദൃഢമുള്ളതും ഖണ്ഡിതവുമാകുന്നു. സൂര്യനേയും അതിന്റെ പ്രകാശത്തേയും നോക്കിക്കൊണ്ട് ഇത് സൂര്യനും അതിന്റെ പ്രകാശവും തന്നെയാണോ എന്ന് സംശയിക്കാത്തതുപോലെ, അല്ലാഹുവിൽ നിന്ന് എന്റെ മേൽ ഇറങ്ങിക്കൊണ്ടിരിക്കുന്ന ഈ പ്രവചനങ്ങളേയും ഞാൻ സംശയിക്കുന്നില്ല. ഞാൻ ദൈവികഗ്രന്ഥത്തിൽ വിശ്വസിക്കുന്നതുപോലെ തന്നെ ഇവയിൽ വിശ്വസിക്കുന്നു. ചില സന്ദർഭങ്ങളിൽ ദൈവിക വെളിപാടുകളുടെ അർഥം പറയുന്നതിൽ ഒരുപരിധിവരെ എനിക്ക് പിശക് സംഭവിക്കാമെങ്കിലും അവ ദൈവികവചനങ്ങളല്ലെന്ന് സംശയിക്കുകയെന്നത് അസാധ്യമാണ്. കാരണം **രഹസ്യജ്ഞാനങ്ങളിൽ അധിഷ്ഠിതവും, ഖണ്ഡിതവുമായ ദൈവികവചനം അധികമായി ആരിലാണോ ഇറങ്ങുന്നത്, അദ്ദേഹത്തെയാണ് എന്റെ വീക്ഷണത്തിൽ നബിയെന്ന് പറയുന്നത്. ആയതിനാൽ അല്ലാഹു എന്റെ പേർ ശരീഅത്തില്ലാത്ത നബിയെന്ന് വെച്ചിരിക്കുന്നു. അന്ത്യനാൾവരെയുള്ള ശരീഅത്ത്**

**വിശുദ്ധഖുർആൻ തന്നെയാണ്.** എന്റെമേൽ ഇറങ്ങുന്ന അല്ലാഹുവിന്റെ ആ വചനങ്ങളിൽ ഒരു അസാധാരണമായ അത്ഭുതാവസ്ഥ കുടികൊള്ളുന്നുണ്ട്. അതിന്റെ പ്രകാശകിരണങ്ങളിലൂടെ അവൻ സ്വന്തം മുഖം വെളിപ്പെടുത്തുന്നു. അത് കാഠിന്യമുള്ള ഒരു ആണി പോലെ ഹൃദയത്തിൽ തറച്ചുകയറുകയും, അവൻ തന്റെ ആത്മീയ ശക്തികൾകൊണ്ട് എന്നെ ആസകലം മൂടുകയും ചെയ്യുന്നു. അത് മധുരമായതും, സാഹിത്യസമ്പുഷ്ഠവും, ആശ്വാസദായകവുമാകുന്നു. ഒരു ദൈവികക്രോധം അതിന്റെ അന്തർഭാഗത്ത് നിലകൊള്ളുന്നു. അവൻ പരോക്ഷമായ കാര്യങ്ങൾ വിവരിക്കുന്നതിൽ ലുബ്ധനല്ല. മറിച്ച് പരോക്ഷജ്ഞാനങ്ങളുടെ സരണികൾ അതിൽ ഒഴുകിക്കൊണ്ടിരിക്കുന്നു. എന്നാൽ,വെളിപാടുകൾ സിദ്ധിക്കുന്നുണ്ടെന്ന് വാദിക്കുന്ന നമ്മുടെ ചില എതിരാളികളുടെ ഇൽഹാമുകളിൽ ഒന്നാമതായി രഹസ്യജ്ഞാനങ്ങളുടെ ആധിക്യമോ ദൈവികരഹസ്യങ്ങളുടെ പ്രവാഹമോ ഉണ്ടാവുകയില്ല. കൂടാതെ ദൈവികശക്തിയും, മാഹാത്മ്യവും അവരെ തൊട്ടു തീണ്ടിയിട്ടുണ്ടാവുകയുമില്ല. ഇതിനുപുറമെ, അവരുടെ ഈ വെളിപാടുകൾ റഹ്മാനിയാണോ ശയ്ത്ത്വാനിയാണോ എന്ന് വിവേചിച്ചറിയുവാൻ കഴിയുന്നില്ലെന്ന കാര്യവും അവർ തന്നെ സമ്മതിക്കുന്നു. അവരുടെ വെളിപാടുകൾ ഊഹത്തിലധിഷ്ഠിതമായ കാര്യങ്ങളാണെന്ന് അവർ പൊതുവായി വിശ്വസിക്കുന്നതും ഇക്കാരണംകൊണ്ടാണ്. ഇങ്ങനെയുള്ള വെളിപാടുകൾ ദൈവത്തിൽ നിന്നാണോ പിശാചിൽ നിന്നാണോ എന്ന് പറയുക അസാധ്യവുമാണ്. തീർച്ചയായും അല്ലാഹുവിൽ നിന്നുള്ളതാണെന്നും പിശാചിൽ നിന്നുള്ളതല്ലെന്നും വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുംവിധം അല്പം പോലും ചൈതന്യമില്ലാത്ത വെളിപാടുകളിൽ അഭിമാനം കൊള്ളുകയെന്നത് ലജ്ജാപരമായ കാര്യമാകുന്നു. അല്ലാഹു പരിശുദ്ധനും ശയ്ത്ത്വാൻ മലീമസവുമാകുന്നു. പരിശുദ്ധമായ ഉറവിൽ നിന്നാണോ, അതോ മലിനമായ ഉറവിൽ നിന്നാണോ നിർഗമിച്ചിരിക്കുന്നതെന്ന് തെല്ലും മനസ്സിലാക്കാൻ കഴിയാത്ത ഇൽഹാമിനെ സംബന്ധിച്ച് ആശ്ചര്യം തോന്നുന്നു. ഇതിൽ മറ്റൊരു വിഷമംകൂടിയുണ്ട്. അതായത്, യഥാർഥത്തിൽ ശയ്ത്ത്വാനിൽനിന്ന് വന്ന ഒരു ഇൽഹാമിനെ, അല്ലാഹു

വിൽ നിന്നുള്ള ഇൽഹാമാണെന്ന് ധരിച്ചുകൊണ്ട് അതിനെ പ്രാവർത്തികമാക്കിയാൽ അവൻ നശിക്കുന്നു. അല്ലെങ്കിൽ, യഥാർഥത്തിൽ അല്ലാഹുവിൽനിന്നുള്ള ഇൽഹാമിനെ ശയ്ത്ത്വാനികമാണെന്ന് ധരിച്ചുകൊണ്ട് അതിനെ പ്രാവർത്തികമാക്കാതിരുന്നാലും അവൻ നാശത്തിന്റെ ഗർത്തത്തിൽ പതിക്കുന്നു. മരണത്തിലെത്തിക്കുന്ന ഒരു ഭയാനകമായ വിഷമഘട്ടത്തിൽ വന്നുപെട്ടുവെന്നല്ലാതെ, ഈ വെളിപാടുകൊണ്ട് എന്തുണ്ടായി? കൂടാതെ ഇത് ഇസ്‌ലാമിനെതിരിലുള്ള ഒരുകളങ്കവുമാകുന്നു. അതായത്, മൂസയുടെ മാതാവിന് തന്റെ നിഷ്കളങ്കനായ മകനെ ആറ്റിലൊഴുക്കാൻ പ്രേരിപ്പിക്കുന്നതരത്തിൽ ദൃഢതയുള്ള വെളിപാടുകൾ ബനീഇസ്റായീല്യർക്ക് ഉണ്ടാവുകയും, അവർ ആ ഇൽഹാമിന്റെ സത്യതയിൽ സംശയിക്കുകയോ ഊഹിക്കുകയോ ചെയ്യുകയും ചെയ്തില്ല. ഖിള്ർ ഒരു കുട്ടിയെ വധിക്കുകകൂടി ചെയ്തു. എന്നാൽ, ബനീഇസ്റായീലിലെ സ്ത്രീകൾക്ക് കിട്ടിയ രീതിയിലുള്ള സ്ഥാനം പോലും ഈ അനുഗൃഹീത സമുദായത്തിന് കിട്ടിയില്ല. പിന്നെ

صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ

എന്ന ആയത്തിന്റെ അർഥം എന്താണ്? റഹ്മാനിലും ശയ്ത്ത്വാനിലും സമാനതയുള്ള ഊഹത്തിലധിഷ്ഠിതമായ ഇത്തരം വെളിപാടുകൾക്കാണോ അനുഗ്രഹം എന്നപേര് വെക്കുന്നത്. അത് തീർത്തും ലജ്ജാവഹം തന്നെയാകുന്നു.

മുകളിൽ വിവരിച്ച ചോദ്യത്തിന്റെ രണ്ടാമത്തെ മറുപടി ഇതാകുന്നു. അതായത്, പ്രവാചകന്മാരുടെ സത്യതയ്ക്ക് ചെറിയ ചെറിയ സംഭവങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങളും മതിയായ തെളിവുകളാണ്. കാരണം ഈപ്രവചനങ്ങളുടെ അവസ്ഥയിലും അളവിലും മറ്റുള്ളവർക്ക് ഇവരോട് മത്സരിക്കാൻ സാധ്യമല്ല. എന്നാൽ, ആരിലാണോ ശങ്കയും ഊഹവും അധികമായി കുടികൊള്ളുന്നത് അവർ ഏതെങ്കിലും ഊഹത്തിന്റെ വലയിൽപ്പെട്ടുപോകുന്നു. ഉദാഹരണമായി, ഏതെങ്കിലും ഒരു ദൈവനിയുക്തന്റെ പ്രാർഥന കൊണ്ട് ആരുടെയെങ്കിലും ഭവനത്തിൽ ഒരാൺകുട്ടി ജനിക്കുകയോ, അല്ലെങ്കിൽ ആ ദൈവനിയുക്തൻ ആൺകുട്ടി ജനിക്കുമെന്ന് അറിവ്

നൽകിയതിന്റെ അടിസ്ഥാനത്തിൽ ആൺകുട്ടി ജനിക്കുകയും ചെയ്താൽ ഇതൊരു പ്രത്യേക അടയാളമല്ലെന്ന് പറഞ്ഞ് അധികം ആളുകളും ബഹളംവെക്കാൻ തുടങ്ങുന്നു. അധികം സ്ത്രീകളും തങ്ങളെ സംബന്ധിച്ചോ അല്ലെങ്കിൽ അയൽപക്കത്തെ സ്ത്രീയെ സംബന്ധിച്ചോ അവരുടെ ഭവനത്തിൽ ആൺകുട്ടി ജനിക്കുമെന്ന് സ്വപ്നം കാണാറുണ്ട്. ഇനി ആൺകുട്ടി തന്നെ ജനിച്ചാലും ആ സ്ത്രീയെ അല്ലാഹുവിന്റെ നബിയായിട്ടോ, റസൂലായിട്ടോ, മുഹദ്ദഥായിട്ടോ അംഗീകരിക്കണമോ എന്നിങ്ങനെ അവർ മുടന്തൻ ന്യായങ്ങളുന്നയിക്കുന്നു. എന്നാൽ, വിഡ്ഢികളുടെ നാവിനെ ആർക്കാണ് അടയ്ക്കാനാവുക? ഇവർ വ്യാജന്മാരാണെന്ന് പറയുന്നത് ഇതുകൊണ്ടാണ്. അതായത്, ഏതെങ്കിലും ഒരു വാക്കുകൊണ്ടോ, ഒറ്റപ്പെട്ട സംഭവംകൊണ്ടോ ഏതെങ്കിലും വ്യക്തി ദൈവത്തിൽ നിന്നുള്ളവനാണെന്ന് സ്ഥാപിതമാകുന്നുവെന്നോ തന്മൂലം എല്ലാ സ്വപ്നദർശകരും ദൈവത്തിന്റെ വരിഷ്ഠരാണെന്ന് മനസ്സിലാക്കണമെന്നോ നാം പറയുന്നില്ല. മറിച്ച് ഒന്നാമതായി വാദം ഉണ്ടായിരിക്കുകയും പിന്നെ സാധാരണ മനുഷ്യർക്കുണ്ടാകുന്ന ഇൽഹാമുകളുടേയും സ്വപ്നങ്ങളുടേയും പങ്കിനെ അത്ഭുതപ്പെടുത്തുന്ന വിധത്തിൽ അവസ്ഥയിലും അളവിലും അപ്രകാരമുള്ള പ്രവചനങ്ങൾ ഉണ്ടായിരിക്കുകയും വേണം. ഇപ്രകാരമുള്ള ചെറിയ ചെറിയ സംഭവങ്ങളെ സംബന്ധിച്ച പ്രവചനങ്ങൾ എന്നിലൂടെ അല്ലാഹു പൂർത്തിയാക്കിയതുപോലെ. അവയുടെ എണ്ണം ആയിരങ്ങൾവരെ എത്തുന്നുണ്ട്. എണ്ണത്തിലും പവിത്രതയിലും ഇവയോട് മത്സരിച്ച് ജയിക്കാൻ കഴിയുന്നത് ആർക്കാണ്? ഇത്രയധികം ആത്മാർത്ഥയുള്ള മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ മകൻ മരിച്ചുപോയിരിക്കുന്നുവെന്ന് ഒരു നിർഭാഗ്യനായ പാമരൻ ആക്ഷേപമുന്നയിച്ചിട്ട് കുറച്ചുവർഷങ്ങളായി. തികച്ചും വിദ്വേഷവും പാമരത്വവും കൊണ്ടാണ് ഈ ആക്ഷേപം ഉണ്ടായിട്ടുള്ളത്. കാരണം നമ്മുടെ നബി(സ)തിരുമേനിയുടെ 11 മക്കൾ മരിച്ചുപോയിട്ടുണ്ട്. എന്നാൽ, എന്റെ പ്രാർഥനയുടെ ഫലമായി മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ ഭവനത്തിൽ ഒരു ആൺകുട്ടി ജനിക്കുമെന്നും, പ്രാർഥനയുടെ ഫലമായി ജനിച്ച ആൺകുട്ടി ഇത് തന്നെയാണെ

ന്നതിനുള്ള അടയാളമായി അവന്റെ ശരീരത്തിൽ 'കുരുക്കൾ' ഉണ്ടാകുമെന്നും അല്ലാഹു എന്നെ അറിയിച്ചിരുന്നു. അത് അപ്രകാരം തന്നെ സംഭവിക്കുകയും ചെയ്തു. കുറച്ച് ദിവസങ്ങൾക്കു ശേഷം മൗലവി സാഹിബിന്റെ ഭവനത്തിൽ ആൺകുട്ടി ജനിക്കുകയുണ്ടായി. അവന്റെ പേര് അബ്ദുൽഹയ്യ് എന്നുവെക്കുകയും ചെയ്തു. അവന്റെ ജനനത്തിനു ശേഷം അടുത്തകാലത്തുതന്നെ അവന്റെ ശരീരത്തിൽ വളരെയധികം കുരുക്കളുണ്ടാവുകയും അതിന്റെ അടയാളങ്ങൾ ഇന്നും അവശേഷിക്കുകയും ചെയ്യുന്നു. ഇത് ദുആയുടെ ഫലമല്ല, മറിച്ച് ഒരു യാദൃശ്ചിക സംഭവമാണെന്നും, അതിനാൽ ഇത് പ്രവചനത്തിന്റെ മേൽ ഒരു ഖണ്ഡിതമായ തെളിവല്ലായെന്നാർക്കും സംശയം തോന്നാതിരിക്കാനുമാണ് അല്ലാഹു അവന്റെ ശരീരത്തിൽ കുരുക്കൾ ഉണ്ടാക്കിയത്; ചില സമയങ്ങളിൽ യാദൃശ്ചികമായ ചില സംഭവങ്ങൾ ഉണ്ടാകുന്നതുപോലെ. അതായത് കുറച്ച് ആളുകൾ അവിടെ ഹാജരില്ലാത്ത ഒരു സ്നേഹിതനെപ്പറ്റി, അദ്ദേഹം ഇപ്പോൾ വന്നിരുന്നെങ്കിൽ നല്ലതായിരുന്നേനെയെന്ന് ചിന്തിക്കുകയും അതേയവസരത്തിൽ അദ്ദേഹം വരികയും ചെയ്യുകയാണെങ്കിൽ അവർ പറയും. വന്നാട്ടെ! ഞങ്ങൾ ഇപ്പോൾ നിങ്ങളുടെ കാര്യം പറഞ്ഞതേയുള്ളു, അപ്പോൾ തന്നെ താങ്കൾ എത്തുകയും ചെയ്തുവെന്ന്. ആയതിനാൽ, ആ ആൺകുട്ടി പ്രാർഥനയുടെ ഫലമായി ജനിച്ചതാണെന്നും, അത് യാദൃശ്ചികമല്ലെന്നും മനസ്സിലാക്കുന്നതിനുവേണ്ടിയാണ് ഈ പ്രവചനത്തിൽ ശരീരത്തിൽ കുരുക്കളുണ്ടാകുമെന്നുള്ള അടയാളവും പറഞ്ഞിട്ടുള്ളത്. എന്റെ അടുത്ത് ഇപ്രകാരം തന്നെ ആയിരക്കണക്കിന് ഉദാഹരണങ്ങൾ ഉണ്ട്. എന്നാൽ, നിർഭാഗ്യവശാൽ എനിക്ക് ഈ ഹ്രസ്വമായ ഗ്രന്ഥത്തിൽ അതിനെപ്പറ്റി വിവരിക്കാൻ സാധ്യമല്ല.

ഞാൻ ഇപ്പോൾ വിവരിച്ചതുപോലെ, ഒരാൾ അല്ലാഹുവിൽ നിന്നുള്ളവനാണെന്ന് വാദിക്കുകയും, അദ്ദേഹത്തിന്റെ കരങ്ങളിലൂടെ ചെറിയ ചെറിയ സംഭവങ്ങളെ സംബന്ധിച്ച ആയിരക്കണക്കിലുള്ള പ്രവചനങ്ങൾ പ്രകടമാവുകയും ചെയ്താൽ അദ്ദേഹം അല്ലാഹുവിൽ നിന്നുള്ളവൻ തന്നെയാണെന്നതിലേക്ക് ആ പ്രവചനങ്ങൾ ഖണ്ഡി തമായ തെളിവായി നിലനിൽക്കുന്നു. എന്നാൽ,

ഹൃദയങ്ങളിൽ സംശയത്തിന്റേയും സന്ദേഹത്തിന്റേയും രോഗമുള്ളവർ അവയിൽ നിന്ന് മുക്തിനേടാതെ, ഉടനെതന്നെ ഇന്ന ഫക്കീറും ഇത്തരത്തിലുള്ള അത്ഭുതം തന്നെയാണ് കാണിച്ചിട്ടുണ്ടായിരുന്നത്, ഇന്ന ജോത്സ്യനും ഇപ്രകാരം തന്നെയാണ് പറഞ്ഞിട്ടുണ്ടായിരുന്നത്, അത് സത്യമായി പുലരുകയും ചെയ്തുവെന്നൊക്കെ പറയാൻ തുടങ്ങുകയും ചെയ്യുന്നു. ഇപ്രകാരം ഇവർ സ്വയം വഴിതെറ്റുകമാത്രമല്ല മറിച്ച് മറ്റുള്ളവരേയും വഴികേടിലാക്കുന്നു. ഈ പാമരന് കണ്ണുണ്ട്, എന്നാൽ, ആ കണ്ണ്കൊണ്ട് എല്ലാവശത്തേയും നോക്കിക്കാണുക സാധ്യമല്ല. ഹൃദയമുണ്ടെങ്കിലും ആ ഹൃദയത്തിന് എല്ലാഭാഗങ്ങളേയും സംബന്ധിച്ച് ചിന്തിക്കാൻ സാധിക്കുന്നില്ല. നമുക്ക് മാത്രമല്ലാതെ മറ്റാർക്കും ഒരു സ്വപ്നവും ഇൽഹാമും ഉണ്ടാവുകയില്ലെന്ന് നാം എപ്പോൾ ഏതു സമയത്താണ് പറഞ്ഞത്?. രാത്രിയും പകലും വ്യഭിചാരം തൊഴിലാക്കിയിട്ടുള്ള അഭിസാരികയ്ക്കുപോലും ചില സന്ദർഭങ്ങളിൽ സത്യമായ സ്വപ്നം ഉണ്ടാവാൻ സാധ്യതയുണ്ടെന്നതാണ് നമ്മുടെ അനുഭവം. അന്യരുടെ മുതൽ കവർച്ചചെയ്യുന്നത് തൊഴിലാക്കിയിട്ടുള്ള കള്ളനും സ്വപ്നം മുഖേന ഏതെങ്കിലും സത്യസംഭവത്തെപ്പറ്റി അറിവ് കരസ്ഥമാകുന്നതാണ്. ഞാൻ ജനങ്ങളുടെ മുമ്പിൽ നിരന്തരമായി വെച്ചുകൊണ്ടിരിക്കുന്ന എന്റെ വാദമെന്നുപറയുന്നത് ഇത്രമാത്രമാണ്. അതായത്, ഇങ്ങനെയുള്ള സ്വപ്നങ്ങളും വെളിപാടുകളും അതിന്റെ അളവിലും അവസ്ഥയുടെ അടിസ്ഥാനത്തിലും ആയിരത്തിലധികംവരെ എത്തിയിട്ടുണ്ടെങ്കിൽ, ആർക്കും അവയുമായി കിടപിടിക്കാൻ സാധിക്കുന്നില്ലെങ്കിൽ, ഈ അവസ്ഥ, ദൈവികാനുഗ്രഹത്താൽ പ്രത്യേകപ്പെടുത്തിയ ഭക്തർക്ക് മാത്രമേ കിട്ടുകയുള്ളു എന്നത്രെ. മറ്റുള്ളവർക്ക് ഒരിക്കലും കിട്ടുകയില്ല. ഇനി ഏതെങ്കിലും സത്യസ്വപ്നമോ ഇൽഹാമോ വല്ലപ്പോഴുമൊക്കെ മറ്റുള്ളവർക്കുണ്ടായാൽ അതും അല്ലാഹുവിന്റെ ഭാഗത്തു നിന്ന് മനുഷ്യകുലത്തിന് നന്മക്കുള്ളതായിട്ടുള്ളതുതന്നെയാണ്. കാരണം മറ്റുള്ളവരിൽ വഹ്‌യുടേയും ഇൽഹാമിന്റേയും കവാടം കൊട്ടിയടക്കപ്പെട്ട നിലയിലാണെങ്കിൽ, അല്ലാഹുവിന്റെ പ്രവാചകന്മാരെ പൂർണമായി വിശ്വസിക്കാൻ അവർക്ക് വിഷമം നേരിടുന്നതാണ്.

യഥാർഥത്തിൽ, ഈ പ്രവാചകന്മാർക്ക് വഹ്‌യ് ഇറങ്ങുന്നുണ്ടോ അതോ കറ്റുകെട്ടാണോ  അതുമല്ലെങ്കിൽ, വല്ല ആശയക്കുഴപ്പത്തിൽ അകപ്പെട്ടിരിക്കുകയാണോ, എന്നൊന്നും ഒരിക്കലും ഇവർക്ക് മനസ്സിലാക്കാൻസാധിക്കുന്നതല്ല. കാരണം ഉദാഹരണം നൽകപ്പെടാത്ത ഒരു കാര്യത്തെപ്പറ്റി, പൂർണമായി ഗ്രഹിക്കാൻ സാധിക്കുകയില്ലെന്നത് മനുഷ്യരുടെ സ്വഭാവമാകുന്നു. അവസാനം ദുർഭാവന ഉത്ഭവിക്കുകയും ചെയ്യുന്നു. ഈ കാരണം കൊണ്ടാണ് യൂറോപ്പിലേയും അമേരിക്കയിലേയും മദ്യം സേവിക്കുന്ന സമുദായങ്ങളുടെ ബുദ്ധിയ്ക്ക് മദ്യപാനം കാരണമായി തകരാറ് സംഭവിക്കുമ്പോൾ അവരിലധികവും സത്യസ്വപ്നങ്ങളുടെ അസ്തിത്വത്തെ നിഷേധിക്കുന്നത്. കാരണം അവർക്ക് ഇതിന് ഒരുദാഹരണം സ്വന്തമായി കിട്ടുന്നില്ല. അതുകൊണ്ടാണ് സത്യസ്വപ്നവും, ഇൽഹാമും മാതൃകയെന്നോണം ജനങ്ങൾക്കും പൊതുവെ നൽകപ്പെട്ടിരിക്കുന്നത്. ഏതെങ്കിലും സമയത്ത്  ഒരു പ്രവാചകൻ അവരിൽ അവതരിച്ചുകഴിഞ്ഞാൽ ആ ഖജനാവിനെ  സ്വീകരിക്കുന്നതിൽനിന്ന് അകന്നു പോകാതിരിക്കാനും, ഇത് യഥാർഥ സംഭവമാണെന്നും മാതൃകയെന്നോണം നമുക്കും ഇത് നൽകിയിട്ടുണ്ടെന്ന് സ്വന്തം ഹൃദയങ്ങളിൽ മനസ്സിലാക്കുന്നതിനും വേണ്ടിയാണ്. വ്യത്യാസം ഇത്രമാത്രമേയുള്ളു, അതായത്, ഈ സാധാരണ ജനങ്ങൾ വളരെ കുറച്ചുരൂപയും നാണയങ്ങളുമുള്ള ഭിക്ഷക്കാരെ പോലെയാണ്. എന്നാൽ, ദൈവത്തിന്റെ പ്രവാചകനും നബിയും ആ ആത്മീയ രാജ്യത്തിന്റെ ഉടമയാണ്.

# THAJALLIYATHE ILAHIYYA

Natural Disaster and Calamities are warning signals of Allah , The Almighty. It unleashes heavily on man whenever they deny or oppose the prophets of Allah. We find numerous examples which points to this fact throughout the history of religion. The world in which we are living today is shaken violently by earth-quakes, deluge and gale. And the man who believes himself is invincible stands daze in the face of dreadful acts of nature. Is history repeating itself? The Promised Messiah (as) Hadrat Mirza Ghulam Ahmad in his book 'Thajalliyathe Ilahiyya' uncovers the fact behind this. Originally written in Urdu and is rendered in to Malayalam by Mohammad Najeeb Khan.

*-The Publishers*